# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VII
## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**ആനുകാലിക റിപ്പോർട്ട്**

**(2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2019 TO 31ST MARCH 2020)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്
(Presented on 24th August, 2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി VII**
**(SUBJECT COMMITTEE VII)**

**വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും**
**(ELECTRICITY, LABOUR AND LABOUR WELFARE)**

**ആനുകാലിക റിപ്പോർട്ട്**
**2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ളത്**

**(PERIODICAL REPORT FROM 1ST APRIL 2019 TO 31ST MARCH 2020)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

602/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 15 |

# സബ്ജക്ട് കമ്മിറ്റി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും),
## (2019-2021)

**ഘടന**

ചെയർമാൻ :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, എം.എൽ.എ.

ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.

ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.

ശ്രീ. പി. ഉണ്ണി, എം.എൽ.എ.

ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2019 ജനുവരി 7-ാം തീയതിയിലെ 598-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം രൂപീകരിച്ച 2019-2021 കാലയളവിലേയ്ക്കായി പുനഃസംഘടിപ്പിച്ച വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മറ്റി VII, 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 28-6-2019, 24-7-2019, 14-8-2019, 28-10-2019, 6-11-2019, 19-11-2019, 20-2-2020, 26-2-2020, 13-3-2020 എന്നീ തീയതികളിലായി ആകെ 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 28-6-2019-ലെ യോഗത്തിൽ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളുടെ ഭേദഗതി, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി സ്റ്റേറ്റ്മെന്റുകൾ, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ പരിഗണിച്ചു. 24-7-2019-ന് ചേർന്ന യോഗത്തിൽ 2018-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ആക്ടിന്മേലുള്ള കരട് ചട്ടം ലഭ്യമാകാത്തത് സംബന്ധിച്ചും ധനാഭ്യർത്ഥനകളുള്ള കുറിപ്പിൽ മുൻ 5 വർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യം സംബന്ധിച്ച കണക്കുകൾ ലഭ്യമാകാത്തത് സംബന്ധിച്ചും, പാലക്കാട് കഞ്ചിക്കോട് സ്റ്റീൽഫാക്ടറി സന്ദർശനം, നഗരങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ചെലവ് കുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസവും എന്നീ വിഷയങ്ങൾ സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച ചെയ്തു. ടി യോഗത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾസ് 1973 പുതുക്കുന്നത് സംബന്ധിച്ച വിഷയം, കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച SRO No.292/19, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് ചട്ടങ്ങൾ പുറപ്പെടുവിച്ചത് സാധൂകരിക്കുന്നത് സംബന്ധിച്ച SRO No. 91/2018, കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് സ്പെഷ്യൽ റൂൾസ് ഭേദഗതിവരുത്തുന്നത് സംബന്ധിച്ച SRO No.397/2019 എന്നിവ പരിഗണിച്ചു.

14-8-2019-ന് 'KASE' മുഖേന നടപ്പിലാക്കി വരുന്ന വിവിധ 'നൈപുണ്യ വികസന പദ്ധതികൾ' എന്ന വിഷയം സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തി. 28-10-2019-ന് 2018-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ആക്ടിന്മേലുള്ള കരട് ഭേദഗതി ചട്ടം സംബന്ധിച്ച ഇടക്കാല റിപ്പോർട്ട്, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ് II അടിസ്ഥാന യോഗ്യത (ജനറൽ) ഭേദഗതി ചെയ്യുന്നതിനുള്ള കരട് ഭേദഗതി ചട്ടം, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, 2018-19 സാമ്പത്തിക വർഷത്തെ വിവിധ വാർഷിക പ്രവർത്തനറിപ്പോർട്ടുകളുടെ കാലതാമസപത്രിക എന്നിവ പരിഗണിക്കുകയും ആസ്സാം, മിസ്സോറാം, ത്രിപുര, മേഘാലയ എന്നീ സംസ്ഥാനങ്ങളിലെ പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും പഠിക്കുന്നതിനായി 2020 ജനുവരിയിൽ പഠന പര്യടനം നടത്തുന്നത് സംബന്ധിച്ചും ചർച്ച ചെയ്യുകയും ചെയ്തു.

6-11-2019-ലെ യോഗത്തിൽ 2019-ലെ കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. 19-11-2019-ന് ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ വാണിജ്യവ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ചും ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാപ്രശ്നങ്ങൾ/രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ചുമുള്ള പ്രത്യേക റിപ്പോർട്ടുകളുടെ കരടുകൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

20-2-2020-ന് ചേർന്ന യോഗത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തി. 26-2-2020-ന് പ്രസ്തുത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച, അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. 13-3-2020-ന് 1992-ലെ കേരള ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ മോട്ടോർ ഡ്രൈവിംഗ് തസ്തിക കൂടി ഉൾപ്പെടുത്തി പുറപ്പെടുവിച്ച ഭേദഗതി ചട്ടങ്ങളുടെ SRO, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി സ്റ്റേറ്റ്മെന്റുകൾ, 2018-19 സാമ്പത്തിക വർഷത്തെ വിവിധ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ കാലതാമസപത്രികകൾ, 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ഭേദഗതി ആക്ടിന്മേലുള്ള കരട് ഭേദഗതി ചട്ടങ്ങൾ എന്നിവ പരിഗണിക്കുന്നതിനുമായാണ് യോഗം ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 60% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| അദ്ധ്യായം I | - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | - | സമിതി പരിശോധിച്ച ബില്ലുകൾ |
| അദ്ധ്യായം III | - | സമിതി പരിഗണിച്ച ചട്ടങ്ങൾ /എസ്.ആർ.ഒ.കൾ |
| അദ്ധ്യായം IV | - | നിയമസഭാ ചട്ടം 235 (A) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ |
| അദ്ധ്യായം V | - | നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ |
| അദ്ധ്യായം VI | - | a. 2019-20-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം<br>b. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ |
| അദ്ധ്യായം VII | - | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 22-7-2020-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VII.*

തിരുവനന്തപുരം,
2020 ജൂലൈ 22.

**602/20**

# റിപ്പോർട്ട്

അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 28-5-2019-ന് സമർപ്പിച്ചു.

2. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2-7-2019-ന് സമർപ്പിച്ചു.

3. 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2-7-2019-ന് സമർപ്പിച്ചു.

4. 2019-ലെ കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ റിപ്പോർട്ട് 7-11-2019-ന് സമർപ്പിച്ചു.

5. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാപ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 21-11-2019-ന് സമർപ്പിച്ചു.

6. സംസ്ഥാനത്തെ വാണിജ്യവ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 21-11-2019-ന് സമർപ്പിച്ചു

7. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2-3-2020-ന് സമർപ്പിച്ചു.

അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകൾ

2019-ലെ കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 7-11-2019-ന് സഭയിൽ സമർപ്പിച്ചു.

അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

1. 1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസസ് വിശേഷാൽ ചട്ടങ്ങളിൽ മാസിയർ തസ്തിക ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ഭേദഗതി 28-6-2019-ാം തീയതിയിലെ യോഗത്തിൽ ഭേദഗതികളോടെ അംഗീകരിച്ചു.

2. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്-ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയുടെ അടിസ്ഥാന യോഗ്യത (ജനറൽ)-സ്പെഷ്യൽ റൂൾസിലെ ഭേദഗതി 28-10-2019-ാം തീയതിയിലെ യോഗത്തിൽ ഭേദഗതിയില്ലാതെ അംഗീകരിച്ചു.

3. 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ആക്റ്റിന്മേലുള്ള കരട് ഭേദഗതി ചട്ടങ്ങൾ 13-3-2020-ാം തീയതിയിലെ യോഗത്തിൽ ഭേദഗതികളോടെ അംഗീകരിച്ചു.

4. 1992-ലെ കേരള ക്രാഫ്റ്റ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ മോട്ടോർ ഡ്രൈവിംഗ് തസ്തിക കൂടി ഉൾപ്പെടുത്തി പുറപ്പെടുവിച്ച ഭേദഗതി ചട്ടങ്ങളുടെ എസ്. ആർ. ഒ. നമ്പർ 1019/2019 13-3-20-ലെ യോഗത്തിൽ ഭേദഗതിയില്ലാതെ സാധൂകരിച്ചു.

അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 A പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങൾ

'KASE' മുഖേന നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ എന്ന വിഷയം സംബന്ധിച്ച് 14-8-2019-ാം തീയതിയിലെ യോഗത്തിൽ വകുപ്പുദ്യോഗസ്ഥരുമായി ചർച്ച ചെയ്തു.

അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | |
| 1 | 2 | 3 | 4 |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2010-11 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്) | 26-6-2019 |

| | | | |
|---|---|---|---|
| XXXIX-വൈദ്യുത പദ്ധതികൾ | 2011-12 | എനർജി മാനേജ്മെന്റ് സെന്റർ-കേരള, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | " |
| XXXIX-വൈദ്യുത പദ്ധതികൾ | 2013-14 | അനെർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | " |
| XXXIX-വൈദ്യുത പദ്ധതികൾ | 2014-15 | അനെർട്ട് | " |
| XXXIX-വൈദ്യുത പദ്ധതികൾ | 2015-16 | അനെർട്ട് | " |
| XXXIX-വൈദ്യുത പദ്ധതികൾ | 2016-17 | എനർജി മാനേജ്മെന്റ് സെന്റർ-കേരള, അനെർട്ട്, കെ.എസ്.ഇ.ബി.എൽ. | " |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2016-17 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്) | " |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2017-18 | തൊഴിൽ വകുപ്പ് | " |
| XXXIX-വൈദ്യുത പദ്ധതികൾ | 2017-18 | എനർജി മാനേജ്മെന്റ് സെന്റർ-കേരള, അനെർട്ട്, കെ.എസ്.ഇ.ബി.എൽ. | " |

| | | | |
|---|---|---|---|
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 | തൊഴിലും നൈപുണ്യവും വകുപ്പ് (കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡ്, ഫാക്ടറീസ് & ബോയിലേഴ്‌സ് വകുപ്പ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്) | " |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2011-12 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്) | 13-11-2019 |
| XXXIX-വൈദ്യുത പദ്ധതികൾ | 2011-12 | അനെർട്ട് | " |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2017-18 | തൊഴിലും നൈപുണ്യവും വകുപ്പ് (ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ. തൊഴിൽ കോടതികൾ, കിലെ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ്, ഓവർസീസ് ഡെവലപ്മെന്റ് എംപ്ലോയ്മെന്റ് കൺസൾട്ടന്റ്സ് ലിമിറ്റഡ്) | " |

| | | | |
|---|---|---|---|
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും വകുപ്പ് [കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്] | " |
| XVIII-വൈദ്യസഹായ രംഗവും, പൊതുജനാരോഗ്യവും | 2018-19 (കാലതാമസ പത്രിക സഹിതം) | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് | 6-2-2020 |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | വ്യാവസായിക പരിശീലന വകുപ്പ് | " |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | വ്യാവസായിക ട്രൈബ്യൂണലുകൾ, കിലെ, തൊഴിൽ കോടതികൾ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ്, ഒഡെപെക് | " |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് | " |

അദ്ധ്യായം VI

## (a) 2019-20 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ 74 ശിപാർശകളുണ്ടായിരുന്നതിൽ ഖണ്ഡിക നമ്പർ 3, 13, 16, 17, 18, 20, 23 എന്നിവയിലെ ശിപാർശകളിന്മേൽ മാത്രമാണ് നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുള്ളത്. ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

| വകുപ്പ് | ശിപാർശ / ഖണ്ഡികകൾ |
|---|---|
| തൊഴിലും നൈപുണ്യവും വകുപ്പ് | 1,2,4-12,14,15,19,21,22,24-58 (51 Nos.) |
| ഊർജ്ജ വകുപ്പ് | 59-74 (16 Nos.) |

**(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന കണക്കിൽ**

1. 2018-19 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശിപാർശ

ചില ക്ഷേമനിധി ബോർഡുകളിൽ ഏകദേശം 15 വർഷത്തോളം കുടിശ്ശിക യായിരിക്കുന്ന പ്രസവാനുകൂല്യം കൊടുത്തുതീർക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കി ധനവകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

(ഖണ്ഡിക 10 മേലുള്ള അധിക വിവരം)

സർക്കാർ സ്വീകരിച്ച നടപടി

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് പ്രസവാനുകൂല്യ പദ്ധതിയിനത്തിൽ കുടിശ്ശികയായി നൽകാനുള്ള 50,15,01,000 രൂപ (അൻപത് കോടി പതിനഞ്ച് ലക്ഷത്തി ആയിരം രൂപാ മാത്രം) അധിക ധനസഹായമായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനവകുപ്പിന് സമർപ്പിക്കുകയുണ്ടായി. എന്നാൽ സംസ്ഥാനം കടുത്ത സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്ന് പോകുന്ന സാഹചര്യത്തിൽ ബോർഡിന് പ്രസവാനുകൂല്യ ഇനത്തിലുള്ള കുടിശ്ശിക നിലവിൽ അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

2. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശിപാർശ

2810-00-800-99—ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട് ധനസഹായം)

വിഹിതം : 3,28,16,000 രൂപ (പദ്ധതിയേതരം)

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണചെലവുകൾക്കുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4,82,60,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ അനെർട്ടിന്റെ ഭരണചെലവുകൾക്കായി ശീർഷകം 2810-00-800-99 പദ്ധതിയേതര വിഹിതത്തിൽ സമിതി ശിപാർശ ചെയ്ത 4,82,60,000 രൂപ അധികമായി വകയിരുത്തിട്ടില്ല.

(15-5-2019-ലെ PS2/150/2017-പി.ഡി. നമ്പർ കത്ത് മുഖേന ഊർജ്ജ (പി.എസ്) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 58 നുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു).

3. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശിപാർശ

2230-01-103-58-10—കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്-സംഭാവന

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

2016-17 വർഷത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രം വകയിരുത്തിയിട്ടുള്ള ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

വിഷയ നിർണ്ണയ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ "2230-01-103-58-10" (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധിക തുകയായി 81,01,000 (എൺപത്തി ഒന്ന് ലക്ഷത്തി ആയിരം രൂപ മാത്രം) വകയിരുത്തുന്നതിന് ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ പരിഗണിക്കുന്നതിനായി ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിനായി അയക്കുകയുണ്ടായി. കേരള ചെറുകിട തോട്ടം തൊഴിലാളി ബോർഡിന്റെ ആക്ട് ഖണ്ഡിക 3 (5) പ്രകാരം സർക്കാർ അംശദായം ഉൾപ്പെടുന്ന ബോർഡിന്റെ നിധിയിൽ നിന്നുമാണ് അംഗങ്ങൾക്കുള്ള പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾക്ക് തുക വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്നതിനാലും

സാമ്പത്തിക ഭദ്രത കുറഞ്ഞ ടി ബോർഡിന്റെ പെൻഷൻ വിതരണത്തിന് സർക്കാരിൽ നിന്നാണ് തുക അനുവദിക്കുന്നത് എന്നതിനാലും സർക്കാർ അംശദായമായി അനുവദിക്കുവാനുള്ള തുക നാളിതുവരെ സർക്കാർ പെൻഷൻ ഇനത്തിൽ അനുവദിച്ച തുകയിൽ ക്രമീകരിയ്ക്കേണ്ടതാണെന്ന് ധനകാര്യവകുപ്പ് അഭിപ്രായം നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

(13-12-2019-ലെ LBRD-ഇ 2/74/16-LBRD നമ്പർ കത്ത് മുഖേന തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 32 നുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 6-2-2020-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2230-01-103-52—ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യഇൻഷ്വറൻസ് പദ്ധതി (ആവാസ്)

വിഹിതം : 1,000 രൂപ (പദ്ധതി)

ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന കേരളത്തിൽ അവരുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആവാസ് മുഖേന പ്രസ്തുത തൊഴിലാളികളെ മുഴുവൻ രജിസ്റ്റർ ചെയ്യുവാനും മൂന്ന് വർഷത്തിൽ കുറയാതെ സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്തു വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് നൽകുന്നതിനുമായുള്ള പദ്ധതിയുടെ ഒന്നാം പാദത്തിൽ 5 ലക്ഷത്തോളം തൊഴിലാളികളെ തെരഞ്ഞെടുത്ത് അംഗത്വം നൽകാനും തെരഞ്ഞെടുക്കപ്പെട്ട ഉചിതമായ ഏജൻസിയെക്കൊണ്ട് പദ്ധതി നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ വാഹകരായി കൊണ്ടുവരുന്ന രോഗങ്ങളും ഇവർ താമസിക്കുന്ന വൃത്തിഹീനമായ സാഹചര്യങ്ങളിൽ നിന്നും പൊട്ടിപ്പുറപ്പെടുന്ന പുതിയ രോഗങ്ങളും ഭീഷണിയാകുന്ന സാഹചര്യത്തിൽ ആവാസ് പോലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ പ്രാധാന്യമർഹിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു.

2016-17 സാമ്പത്തിക വർഷത്തിലെ ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രം ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

ഇതര സംസ്ഥാന തൊഴിലാളികളുടെ അംഗസംഖ്യ തിട്ടപ്പെടുത്തുന്നതിനും കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നതിനും സംവിധാനമുണ്ടാകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 34,35,36)

സർക്കാർ സ്വീകരിച്ച നടപടി

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും നടത്തി തിരിച്ചറിയൽ കാർഡ് നൽകി ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 27-10-2016-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ). 1325/2016/തൊഴിൽ ഉത്തരവ് പ്രകാരം, ആവാസ് എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കുവാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് നൽകുന്നത്. 18-4-2018 തീയതി വരെ കേരളത്തിൽ ജോലി ചെയ്യുന്ന 2,24,622 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ തുടരുകയാണ്.

4-4-2019-ലെ ഇ 2/140/2018/എൽ.ബി.ആർ.ഡി. നമ്പർ കത്ത് മുഖേന തൊഴിലും നൈപുണ്യവും (ഇ) വകുപ്പിൽ നിന്നും ലഭ്യമാക്കിയ ഖണ്ഡിക 36-നുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസ പത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു.

ശിപാർശ

2230-01-103-25—അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക ക്ഷേമനിധി ബോർഡുകളുടെ ആവശ്യകത പരിഗണിച്ച് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി (ഇടക്കാല മറുപടി)

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യപദ്ധതി നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും അനുവദിച്ച 1 കോടി രൂപ അപര്യാപ്തമായതിനാൽ വിവിധ ബോർഡുകൾ പ്രതിപൂരണം ചെയ്തുനൽകാൻ ആവശ്യപ്പെട്ടിരിക്കുന്ന 8,93,63,000 രൂപ അനുവദിക്കുന്നതിനായി, വിഷയനിർണ്ണയ

സമിതിയുടെ ശിപാർശ പ്രകാരമുള്ള 5 കോടി രൂപ അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന് ലേബർ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു. വിഷയനിർണ്ണയ സമിതി VII (2016-17)-യുടെ ശിപാർശ പരിഗണിച്ച് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യപദ്ധതി നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് 2016-17 സാമ്പത്തിക വർഷം വിവിധ ബോർഡുകളിൽ പ്രസവാനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ത്രീ തൊഴിലാളികളുടെ വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ സ്ക്രീനിംഗിന് അയച്ച ശേഷം ആയതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് റിലീസിന് ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തികവർഷം വിവിധ ബോർഡുകളിൽ പ്രസവാനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ത്രീ തൊഴിലാളികളുടെ വിവരങ്ങൾ ലേബർ കമ്മീഷണറിൽ നിന്നും വാങ്ങി സ്ക്രീനിംഗിനായി ഇൻഫർമേഷൻ കേരള മിഷന് അയച്ചുകൊടുത്തിട്ടുണ്ട്. സ്ക്രീനിംഗ് കഴിഞ്ഞ് ലിസ്റ്റ് ലഭ്യമായാലുടൻ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(3-5-2019-ലെ LBRD-E3/102/2016-LBRD നമ്പർ കത്ത് മുഖേന തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 40 നുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസ പത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു)

<u>സർക്കാർ സ്വീകരിച്ച നടപടി (അന്തിമ റിപ്പോർട്ട്)</u>

അസംഘടിത മേഖലയിലെ സ്ത്രീതൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതിയ്ക്കായി 2018-19 സാമ്പത്തിക വർഷം വകയിരുത്തിയ 250 ലക്ഷം രൂപ വിവിധ ക്ഷേമനിധി ബോർഡുകളിലെ 2059 ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ബോർഡുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷവും മേൽ പദ്ധതിയ്ക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് നല്കേണ്ട കുടിശ്ശിക തുക തന്നെ വളരെ വലുതാകയാൽ ബോർഡുകൾക്ക് പ്രതിപൂരണം ചെയ്ത് നല്കേണ്ട കുടിശ്ശിക തുകയടക്കം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക ഭാവിയിലെ ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഒന്നിൽ കൂടുതൽ ക്ഷേമനിധി ബോർഡുകളിൽ നിന്നും പ്രസവാനുകൂല്യം കൈപ്പറ്റുന്നത് ഒഴിവാക്കുന്നതിന് ആധാർ അധിഷ്ഠിത അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (എ.ഐ.ഐ.എസ്) സോഫ്റ്റ് വെയർ നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുവാനുള്ള നടപടിയും സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(11-12-2019-ലെ LBRD-ഇ 3/102/16-LBRD നമ്പർ കത്ത് മുഖേന തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 40 നുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 6-2-1920-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ഖണ്ഡിക 42, 43 എന്നിവയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച 27-7-2017-ലെ യോഗത്തിൽ അപ്പാഘർ പദ്ധതിയുടെ പൂർത്തീകരണത്തിനായി ആവശ്യപ്പെട്ടിരുന്ന അധികതുക ലഭ്യമാക്കണമെന്ന് ധനകാര്യ വകുപ്പിനോട് സമിതി വീണ്ടും ആവശ്യപ്പെട്ടിരുന്നു.

(ഖണ്ഡിക 42,43 അധികവിവരം)

സർക്കാർ സ്വീകരിച്ച നടപടി

അപ്പാഘർ പദ്ധതിക്ക് അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് 'സർക്കാരിന്റെ വ്യയനിയന്ത്രണ നടപടികൾ കാരണം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശിപാർശ

2801-80-190-99—നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതികൾ

വിഹിതം : 2,03,00,000 രൂപ (പദ്ധതിയേതരം)

ലെജിസ്ലേറ്റീവ് അസംബ്ലി കോൺസ്റ്റിറ്റ്യുവൻസി ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ്, പാലക്കാട് ടൗണിലെ അഗ്രഹാരങ്ങളിൽ രഥോത്സവ സമയത്ത് തടസ്സമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനായി കേബിൾ സ്ഥാപിക്കുക, തോപ്പുംപടി ഇലക്ട്രിക്കൽ സെക്ഷനുവേണ്ടി രണ്ടുനില കെട്ടിട നിർമ്മാണം, പാത്രുകണ്ടം കോളനി വൈദ്യുതീകരണം, വല്ലച്ചിറ ഗ്രാമപഞ്ചായത്തിലും നെന്മണിക്കര ഗ്രാമപഞ്ചായത്തിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പല പദ്ധതികൾക്കും ലഭിക്കുവാനുള്ള തുക ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനായി 124.44 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതികൾക്കായി 2016-17-ൽ 2.036 കോടി രൂപ നൽകിയിട്ടുണ്ട്.

ശിപാർശ

2801-80-800-98—കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ലെ മുൻഗണനാ പരിപാടികളുടെ നിർവ്വഹണം

വിഹിതം : ഇല്ല

പ്രസ്തുത പദ്ധതി പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അഞ്ച് സബ്സ്റ്റേഷന് മുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിനിയോഗിക്കുവാൻ 1 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിക്കുകയുണ്ടായെങ്കിലും പ്രസ്തുത തുക പുതുക്കിയ ബഡ്ജറ്റിൽ 50 ലക്ഷമായി കുറച്ചതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുറവുചെയ്ത 50 ലക്ഷം രൂപ കൂടി ബഡ്ജറ്റ് വിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതികൾക്കായി 2016-17-ൽ 1 കോടി രൂപ നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

4801-80-101-99—<u>കെ.എസ്.ഇ.ബി. ലിമിറ്റഡ്-നിക്ഷേപങ്ങൾ</u>

വിഹിതം : ഇല്ല

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ നിക്ഷേപങ്ങൾ എന്ന ഇനത്തിൽ തിരുവനന്തപുരം മുട്ടത്തറയിൽ ഇൻഡ്യൻ എയർഫോഴ്സിന് വേണ്ടി അനുവദിച്ച 20 ഏക്കർ ഭൂമിയിൽ സബ്സ്റ്റേഷൻ പണിയുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 13.6281 കോടി രൂപയിൽ 3.6281 കോടി രൂപ ലഭിച്ചുവെന്നും ബാക്കി തുകയായ 10 കോടി രൂപ 2016-17-ൽ E-LAMS-ൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സബ്സ്റ്റേഷന്റെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച തുകയിൽ ശേഷിക്കുന്ന തുകയായ 4163.19 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി 2016-17-ൽ അനുവദിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതികൾക്കായി 2016-17 -ൽ തുകയൊന്നും നൽകിയിട്ടില്ല.

(20-6-2019-ലെ നമ്പർ 1089271/സി3/16/ഊ.വ. എന്ന കത്തുമുഖേന ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 91,92,100 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസ പത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

## 4. 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

### ശിപാർശ

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് തൊഴിൽ വകുപ്പുമായി സഹകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് 21-10-2014-ലെ യോഗത്തിൽ സമിതി ആരാഞ്ഞതിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലന പരിപാടികൾ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നതിനാൽ ഈ ആവശ്യത്തിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം 19-9-2016-ലെ തൊഴിലും നൈപുണ്യവും (ജി) വകുപ്പിന്റെ 25668/ജി1/2014/തൊഴിൽ നമ്പർ കത്ത് മുഖേന നിയമസഭാ സമിതിയെ അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി VII-ന്റെ 10-2-2017-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും ഈ ആവശ്യത്തിന് പ്രസ്തുത വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനോട് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

(ഖണ്ഡിക 54 നുള്ള അധികവിവരം)

### സർക്കാർ സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലന പരിപാടികൾക്കായി ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ ഒന്നും തന്നെ തൊഴിൽ വകുപ്പിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പിന് ലഭിച്ചിട്ടില്ല.

5. സമിതിയുടെ 15-2-2016-ൽ ചേർന്ന യോഗം 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളുടെ പരിഗണനാവേളയിൽ സ്റ്റാറ്റേർഡ് തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിനുള്ള ക്ഷേമനിധി ബോർഡിന്റെ പ്രൊപ്പോസൽ സംബന്ധിച്ച ഫയൽ പെന്റിംഗിൽ വയ്ക്കേണ്ട കാര്യമില്ലാത്തതിനാൽ പ്രസ്തുത വിഷയത്തിൽ അടിയന്തരതീരുമാനം എടുത്തശേഷം ബോർഡിനെ അറിയിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

(അധിക വിവരം)

### സർക്കാർ സ്വീകരിച്ച നടപടി

സ്റ്റാറ്റേർഡ് ചുമട്ട് തൊഴിലാളികളുടെ ക്ഷേമപെൻഷൻ വർദ്ധിപ്പിക്കുന്നതിൽ സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണ്. സർക്കാർ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനനുസൃതമായി കേരള ചുമട്ട് തൊഴിലാളി ക്ഷേമബോർഡ് സ്റ്റാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ പെൻഷനും വർദ്ധിപ്പിച്ചുവരുന്നു. 1-6-2016 മുതൽ 1000 രൂപയായും 1-4-2017 മുതൽ 1100 രൂപയായും ക്ഷേമപെൻഷൻ

വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച പെൻഷൻ, തൊഴിലാളികൾക്ക് കാലാകാലം സർക്കാർ നൽകി വരുന്നു. നിലവിലുണ്ടായിരുന്ന ക്ഷേമ പെൻഷനായ 1100 രൂപ, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് 100 രൂപ വർദ്ധിപ്പിച്ച് 1-4-2019 പ്രാബല്യത്തിൽ 1200 രൂപ ആക്കിയതിനാൽ ടി തുക സ്റ്റാറ്റേർഡ് വിഭാഗം തൊഴിലാളികൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

| ക്രമ നമ്പർ | റിപ്പോർട്ട് | മറുപടി ലഭിച്ച ശിപാർശകൾ | മറുപടി ലഭിക്കാനുള്ള ശിപാർശകൾ |
|---|---|---|---|
| 1. | ഒഡെപെക്കിനെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | | 7,8,19,20,21,22 (തൊഴിലും നൈപുണ്യവും വകുപ്പ്) |
| 2. | 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൈദ്യുതി ഉൽപ്പാദന, പ്രസരണ, വിതരണ മേഖലയിൽ വൈദ്യുതി ബോർഡിന് സംഭവിച്ച നാശനഷ്ടങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | | 18,19,22,23 (ഊർജ്ജ വകുപ്പ്) |
| 3. | സംസ്ഥാനത്തെ വാണിജ്യവ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | 8,9,10,11,12, 15,16,18 (തൊഴിലും നൈപുണ്യവും വകുപ്പ്) | ------ |
| 4. | ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാപ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ചുള്ള പ്രത്യേക റിപ്പോർട്ട്. | | 12,14,17-23, 25,27,28,31,32 (തൊഴിലും നൈപുണ്യവും വകുപ്പ്) |

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2020 ജൂലൈ 22.

അനുബന്ധം

## 2019 ജൂൺ 28-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2019 ജൂൺ മാസം 28-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം. മണിയും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
4. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
5. ശ്രീ. തോമസ് ചാണ്ടി, എം.എൽ.എ.
6. ശ്രീമതി വീണ ജോർജ്ജ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ജയകുമാർ.ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എൻ. എസ്. പിള്ള, ചെയർമാൻ & എം.ഡി, കെ.എസ്.ഇ.ബി.എൽ.
2. ശ്രീ. പി. ജി. ഉണ്ണികൃഷ്ണൻ, സെക്രട്ടറി, കെ.എസ്.ഇ.ബി.എൽ.
3. ശ്രീ. ഡി.ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
4. ശ്രീമതി എസ്. നിഷ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
5. ശ്രീ. എ. ജെയിംസ് രാജ്, അഡീഷണൽ സെക്രട്ടറി, തൊഴിൽ വകുപ്പ്.

6. ശ്രീ. സി. വി. സാജൻ, ലേബർ കമ്മീഷണർ.

7. ശ്രീ. എസ്. ചന്ദ്രശേഖർ, ഡയറക്ടർ, എംപ്ലോയ്മെന്റ് & ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്.

8. ശ്രീ. പി. കെ. മാധവൻ, അഡീഷണൽ ഡയറക്ടർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്.

9. ഡോ. ആർ. അജിതാ നായർ, ഡയറക്ടർ, ഇ.എസ്.ഐ.

10. ശ്രീ. കെ. എം. വിജി, സീനിയർ ഫിനാൻസ് ഓഫീസർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്.

11. ശ്രീ. വി. ഗോപാലകൃഷ്ണൻ പോറ്റി, ഫിനാൻസ് ഓഫീസർ, തൊഴിൽ വകുപ്പ്.

12. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ.

13. ശ്രീ. ബി. അരുൺ, ജോയിന്റ് ലേബർ കമ്മീഷണർ (I/c)

14. ശ്രീ. എസ്. ബിന്നി, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

15. ശ്രീ. ബി. ഗോപകുമാരൻ നായർ, ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.

16. ശ്രീ. പി. ചന്ദ്രശേഖരൻ, ജനറൽ മാനേജർ, അനെർട്ട്.

17. ശ്രീ. എം. മുഹമ്മദ് ഹാരിസ്, ഫിനാൻസ് മാനേജർ, അനെർട്ട്.

സമിതി, കരട് ഭേദഗതി ചട്ടം, വിവിധ സമിതി റിപ്പോർട്ടുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ, 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. <u>കരട് ഭേദഗതി ചട്ടം</u>

<u>കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് (മാസിയർ തസ്തിക ഉൾപ്പെടുത്തുന്നത്)</u>

(ഫയൽ നമ്പർ 1814/സബ്.സി.സി1/2019/നി.സെ.)

2008-ൽ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ രണ്ട് മാസിയർ തസ്തികകൾ സൃഷ്ടിച്ചിരുന്നുവെന്നും കാറ്റഗറി 5 ആയി സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തണമെന്നാണ് ആവശ്യമെന്നും ഇതിന്റെ നിയമനരീതി ഡയറക്ട് റിക്രൂട്ട്മെന്റ് അല്ലെങ്കിൽ പ്രൊമോഷൻ വഴിയാണെന്നും പ്രൊമോഷൻ വഴിയാണ് പരിഗണിക്കുന്നതെങ്കിൽ പത്താം ക്ലാസും മാസിയർ കോഴ്സും പാസായ അറ്റൻഡർമാരെയും അങ്ങനെയുള്ളവർ ഇല്ലെങ്കിൽ ഡയറക്ട് റിക്രൂട്ട്മെന്റ് നടത്താവുന്നതാണെന്നും male-female ratio 1:1 എന്ന രീതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇ.എസ്.ഐ. ഡയറക്ടർ അറിയിച്ചു.

പ്രസ്തുത ഭേദഗതി സമിതി അംഗീകരിച്ചു.

II. <u>സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ</u>

1. <u>2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് അനന്തര നടപടികൾ സംബന്ധിച്ച്</u>

(ഫയൽ നമ്പർ 15562/സബ്.സി.സി1/2009/നി.സെ.)

ഖണ്ഡിക 54-ലെ നടപടി സ്റ്റേറ്റ്മെന്റിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ചു.

2. <u>വിവിധ റിപ്പോർട്ടുകളിലെ ശിപാർശകൾക്ക് ലഭിച്ച മറുപടി സ്റ്റേറ്റ്മെന്റുകൾ ചട്ടം 235 I (iii) പ്രകാരമുള്ള റിപ്പോർട്ടുകളുടെ കരട് എന്നിവ പരിഗണിക്കുന്നതിനായി 15-2-2016-ൽ യോഗം ചേരുന്നത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 26/സബ്.സി.സി1/2016/നി.സെ.)

സമിതി ആവശ്യപ്പെട്ട അധിക വിവരത്തിൻമേൽ തൊഴിൽ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ചു.

3. <u>2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4802/സബ്.സി.സി1/2016/നി.സെ.)

ഖണ്ഡിക 36, 40 എന്നിവയിലെ ശിപാർശയിന്മേൽ തൊഴിൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

4. <u>2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 2110/സബ്.സി.സി1/2017/നി.സെ.)

ഖണ്ഡിക നമ്പർ 58-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം അംഗീകരിച്ചു.

2017-18-ൽ അധിക തുക വകയിരുത്താൻ സമിതി ശിപാർശ ചെയ്തെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് മാത്രമേ നൽകാൻ കഴിയുകയുള്ളൂ എന്ന് ധനകാര്യ വകുപ്പ് അറിയിച്ചത് കെ.എസ്.ഐ.ബി.എൽ. എം.ഡി. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ആവശ്യപ്പെട്ട അധിക തുകയ്ക്ക് വീണ്ടും ശിപാർശ ചെയ്യാമെന്ന് സമിതി അറിയിച്ചു.

5. <u>2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 2051/സബ്.സി.സി1/2018/നി.സെ.)

ഖണ്ഡിക നമ്പർ 1-5, 8, 9, 11, 12, 14, 16, 18-64, 66-73 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു. ഖണ്ഡിക നമ്പർ 74-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം അംഗീകരിക്കുകയും ചെയ്തു.

2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പദ്ധതികൾക്കൊന്നും തുക ലഭ്യമാക്കാത്തതുകാരണം കെ.എസ്.ഐ.ബി.എൽ.-ന്റെ പല പദ്ധതികളും മുടങ്ങിക്കിടക്കുകയാണെന്നും ടി വർഷത്തിൽ പ്രധാനമായും പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്ന 27 കോടി രൂപ പ്രളയത്തിൽ സർക്കാരിനുണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലം ഏകദേശം 14 കോടി രൂപയായി വെട്ടിക്കുറച്ചുവെന്നും പ്രസ്തുത തുക കല്ലട റിസർവോയറിൽ 10 മെഗാവാട്ട് സോളാർ എനർജി ഉൽപ്പാദിപ്പിക്കാൻ വേണ്ടി നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷന് കൊടുക്കേണ്ട വയബിലിറ്റി ഗ്യാപ് ഫണ്ടാണെന്നും പ്ലാനിംഗ് ബോർഡ് ശിപാർശ ചെയ്ത തുകയാണ് വെട്ടിക്കുറച്ചതെന്നും ടി തുക ലഭിക്കാത്തതിനാൽ പദ്ധതി മുടങ്ങിക്കിടക്കുകയാണെന്നും ഈ വർഷത്തെ ബഡ്ജറ്റിൽ അത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സപ്ലിമെന്ററി ഡിമാന്റിൽ ഈ തുക കൂടി ശിപാർശ ചെയ്യണമെന്ന് കെ.എസ്.ഐ.ബി.എൽ. എം.ഡി. സമിതിയോട് അഭ്യർത്ഥിച്ചപ്പോൾ സപ്ലിമെന്ററി ഡിമാന്റിൽ തുക വകയിരുത്തുന്നതിന് ശിപാർശ ചെയ്യാമെന്ന് സമിതി ഉറപ്പുനൽകുകയും ചെയ്തു.

വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന കല്ലട പ്രോജക്ട് 10 മുതൽ 50 മെഗാവാട്ട് വരെ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നതാണെന്നും ആയത് നടപ്പാക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായെങ്കിലും സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം നടപ്പാക്കാൻ കഴിയുന്നില്ലെന്നും കെ.എസ്.ഐ.ബി.എൽ. മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റികൾ അതാത് സമയങ്ങളിൽ യോഗം ചേർന്ന് റൂൾസ്, ചട്ടങ്ങൾ എന്നിവയുടെ കരട് സൂക്ഷ്മപരിശോധന നടത്തേണ്ടതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടായിരുന്നതിനാൽ കമ്മിറ്റിയുടെ പരിഗണനയിലുള്ള അത്തരം വിഷയങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ സമിതി ആരാഞ്ഞു.

തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ഡ്രാഫ്റ്റ് റൂൾസ് ഫ്രെയിം ചെയ്യുന്ന കാര്യം അന്തിമഘട്ടത്തിലാണെന്നും വെറ്റ് ചെയ്ത് ലഭ്യമായ ഒരെണ്ണവും വെറ്റ് ചെയ്യാനായി മൂന്നാലെണ്ണവും നിയമ വകുപ്പിലുണ്ടെന്നും അത് നിയമ വകുപ്പ് എത്രയും വേഗം വെറ്റ് ചെയ്ത് ലഭ്യമാക്കിയാൽ മതിയാകുമെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചപ്പോൾ അടുത്ത യോഗത്തിന് മുമ്പുതന്നെ റൂൾസ് വെറ്റ് ചെയ്ത് സമിതിയുടെ പരിശോധനയ്ക്കായി നൽകുന്നതിന് നിയമവകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

III <u>2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്</u>

(അംഗീകരിച്ചു.)

IV <u>സബ്ജക്ട് കമ്മിറ്റി VII-ന്റെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്</u>

(അംഗീകരിച്ചു.)

അടുത്ത യോഗം ചേരുമ്പോൾ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട രേഖകൾകൂടി കൊണ്ടുവരണമെന്ന് സമിതി തൊഴിൽ വകുപ്പിന് നിർദ്ദേശം നൽകി. മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ മെമ്പർമാരുടെയും ചെയർമാന്റെയും ടി.എ. സംബന്ധിച്ച പരിധി ഉയർത്തണമെന്ന് മുമ്പ് കമ്മിറ്റി ശിപാർശ നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന് ഫയൽ അയച്ചിരിക്കുകയാണെന്നും സമിതി ഒന്നുകൂടി അക്കാര്യം ശിപാർശ ചെയ്യണമെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ സമിതിയോട് അഭ്യർത്ഥിക്കുകയും ആയത് ശിപാർശ ചെയ്യാമെന്ന് സമിതി ഉറപ്പുനൽകുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 2019 ജൂലൈ 24-ാം തീയതി തിരുവനന്തപുരത്ത് വച്ച് ചേരുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 24-7-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2019 ജൂലൈ മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
4. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.
5. ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ.തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ. ജി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീ.ഡി.ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
3. ശ്രീമതി എസ്. നിഷ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
4. ശ്രീ. സി. വി. സാജൻ, ലേബർ കമ്മീഷണർ.
5. ശ്രീ. പി. എം. രഞ്ജിത്ത്, അഡീഷണൽ ലേബർ കമ്മീഷണർ.
6. ഡോ. ആർ. അജിതാ നായർ, ഡയറക്ടർ, ഇ.എസ്.ഐ.
7. ശ്രീ. ടി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

8. ശ്രീമതി എസ്. ഉമാദേവി, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.

9. ശ്രീമതി വി. ശ്രീജ, ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.

10. കുമാരി വി. ടി. ബീന, സീനിയർ എ. ഒ., ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.

സമിതി, തൊഴിൽ വകുപ്പ് ലഭ്യമാക്കാനുള്ള 2018-ലെ കേരള ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ആക്ടിന്റെ കരട് ചട്ടം, തൊഴിൽ/ഊർജ്ജ വകുപ്പുകൾ ലഭ്യമാക്കാനുള്ള ഭേദഗതി വരുത്തിയ എസ്.ആർ.ഒ.-കൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**1. കരട് ചട്ടം ലഭ്യമാക്കുവാനുള്ളത്**

**തൊഴിൽ വകുപ്പ്**

2018-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ആക്ട്

(ഫയൽ നമ്പർ 6667/സബ്.സി.സി1/2018/നി.സെ.)

വനിത ജീവനക്കാർക്ക് ജോലി സമയത്ത് ഇരിക്കാനുള്ള സൗകര്യം, ജോലി സമയം മുതലായ വിവരങ്ങൾ ഉൾപ്പെടുത്തി 4-10-2018-ൽ ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി ചെയ്തിരുന്നുവെന്നും ആക്ടിൽ എല്ലാ കാര്യങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് ഇതിനുവേണ്ടി പ്രത്യേക റൂൾസ് തയ്യാറാക്കേണ്ട ആവശ്യമില്ലെന്നും പ്രസ്തുത ആക്ട് നിയമ വകുപ്പിൽ നിന്നും വെറ്റ് ചെയ്ത് വന്നതിനുശേഷം അംഗീകരിച്ചതാണെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ അറിയിച്ചു.

കച്ചവടക്കാർ ഫയൽ ചെയ്യേണ്ട റിപ്പോർട്ടുകളെക്കുറിച്ച് ആക്ടിൽ പറയുന്നതിന്റെ വിശദാംശം സമിതി ആരാഞ്ഞപ്പോൾ ആയത് ടി ആക്ടുമായി ബന്ധപ്പെട്ട ഭേദഗതി അല്ലെന്നും ബയോമെട്രിക് പഞ്ചിംഗ് പോലുള്ള പുതിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നതിന്റെ റൂൾസ് ഫ്രെയിം ചെയ്യണമെന്നുള്ളത് ആക്ടിൽ വ്യക്തമായി വരാത്ത കാര്യമാണെന്നും അതുസംബന്ധിച്ച ഫയൽ ഇപ്പോൾ പ്രോസസ്സിംഗിലാണെന്നും സബ്ജക്ട് കമ്മിറ്റി പരിഗണിക്കുന്ന 2018-ലെ ആക്ടിന്റെ ഭേദഗതിക്ക് റൂൾസിന്റെ ആവശ്യം ഇല്ലായെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള പല ആക്ടുകൾക്കും സമയബന്ധിതമായി റൂൾസ് തയ്യാറാക്കാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കർക്ക് റൂളിംഗ് നൽകേണ്ടി വന്നതെന്ന് വിലയിരുത്തിയ സമിതി സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിധിയിൽ വരുന്ന

ഓരോ വിഷയവും സമയബന്ധിതമായി തീർപ്പാക്കി മുന്നോട്ടുപോകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. 2018-ലെ കേരള ഷോപ്പ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്മേൽ റൂൾസ് ഫ്രെയിം ചെയ്യേണ്ടതില്ലെന്നുള്ളതിന്റെ വിശദീകരണം ഉൾപ്പെടുത്തിയ റിപ്പോർട്ട് അടുത്ത സമിതിയോഗത്തിനുമുമ്പ് ലഭ്യമാക്കണമെന്നും ആയതിന്മേൽ സമിതി ചർച്ച നടത്തി തീരുമാനമെടുക്കാമെന്നും ആക്ടിൽ വ്യക്തത വരുത്താത്ത എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ, അത് ആക്ടിന്റെ ഭാഗമല്ലെങ്കിൽപ്പോലും ചിലപ്പോൾ റൂൾസ് വേണ്ടി വരുമെന്നും പക്ഷേ റൂൾസിന്റെ കുറവുകൊണ്ട് മറ്റ് ഭരണപരമായ നടപടിക്രമങ്ങൾക്ക് തടസ്സമുണ്ടാകാൻ പാടില്ലായെന്നും സമിതി നിർദ്ദേശിച്ചു.

പ്രസ്തുത റിപ്പോർട്ട് രണ്ട് ദിവസത്തിനകം ലഭ്യമാക്കാമെന്ന് വകുപ്പുദ്യോഗസ്ഥർ സമിതിക്ക് ഉറപ്പുനൽകി.

## II. ഭേദഗതി വരുത്തിയ SRO ലഭ്യമാക്കുവാനുള്ളത്

### ഊർജ്ജ വകുപ്പ്

<u>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾസ് 1973 പുതുക്കുന്നത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 4047/സബ്.സി.സി.1/2017/നി.സെ.)

സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിയ ഡ്രാഫ്റ്റ് റൂൾസ് നിയമ വകുപ്പ് വെറ്റ് ചെയ്ത് ലഭ്യമാക്കിയിട്ടുണ്ടെന്നും കുറച്ച് കാര്യങ്ങൾകൂടി പരിശോധിച്ചതിനുശേഷം ഇഷ്യു ചെയ്യണമെന്നാണ് പറഞ്ഞിട്ടുള്ളതെന്നും അതിൽ ചട്ടം 3(2)(d)-യിൽ 'Head of the department of Electrical Engineering/Government Engineering College' എന്നതിൽ ഏത് എഞ്ചിനീയറിംഗ് കോളേജാണെന്നുള്ളത് വ്യക്തമാക്കേണ്ടതാണെന്നും ചട്ടം 7(2)-ൽ 'Any decision taken by the board in the course of discharge of its function shall be final' എന്ന വ്യവസ്ഥ ഭരണവകുപ്പ് പരിശോധിക്കേണ്ടതാണെന്നും ഇംഗ്ലീഷിലുള്ള സെൻട്രൽ ആക്ടിന്റെ അനുബന്ധം മാത്രം മലയാളത്തിൽ ആകുന്നതിൽ അപാകതയുള്ളതുകൊണ്ട് അത് ഇംഗ്ലീഷിലാക്കണമെന്നും നിയമ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഊർജ്ജ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

7(2)-ൽ പറഞ്ഞിട്ടുള്ള 'Any decision taken by the board in the course of discharge of its function shall be final' എന്ന വ്യവസ്ഥയനുസരിച്ച് ഇതിന്റെ ലൈസൻസിംഗ് അതോറിറ്റി ബോർഡായതുകൊണ്ട് ലൈസൻസ് നിരസിച്ചുകഴിഞ്ഞാൽ അത്തരം ആളുകൾക്ക് അപ്പീലിന് ഒരു പ്രൊവിഷൻ കൊടുക്കുന്ന കാര്യംകൂടി പരിശോധിക്കേണ്ടതുണ്ടെന്നും അല്ലാത്തപക്ഷം അത് ചോദ്യം ചെയ്യപ്പെടാം എന്നും നിയമവകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

**തൊഴിൽ വകുപ്പ്**

1. കേരള ഇൻഷ്വറൻസ് മെഡിക്കൽ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ1285/സബ്.സി.സി.1/2018/നി.സെ.)

(SRO No.292/2019)

3. കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് (സ്റ്റോർസ് സൂപ്രണ്ട് തസ്തിക ഉൾപ്പെടുത്തുന്നത്)

(ഫയൽ നമ്പർ 2501/സബ്.സി.സി.1/2018/നി.സെ.)

(SRO No.397/2019, SRO No.398/2019)

പ്രസ്തുത വിഷയങ്ങളിന്മേൽ ഭേദഗതി വരുത്തിയ SRO-കളുടെ പകർപ്പ് ലഭിച്ച വിവരം നിയമസഭാ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാഫ് ചട്ടങ്ങൾ പുറപ്പെടുവിച്ചത് സാധൂകരിക്കുന്നത് സംബന്ധിച്ച്

(SRO No.91/2018)

(ഫയൽ നമ്പർ 1931/സബ്.സി.സി.1/2018/നി.സെ.)

സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെല്ലാം വരുത്തി അംഗീകാരം ലഭിച്ച എസ്.ആർ.ഒ. ഗസറ്റിൽ പബ്ലിഷ് ചെയ്യുന്നതിനുവേണ്ടി പ്രിന്റിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ അറിയിച്ചപ്പോൾ 2018 മേയ് മാസത്തിൽ നിലവിൽ വന്ന വിജ്ഞാപനം ഭേദഗതി വരുത്തി പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം വന്നതിന്റെ കാരണമെന്താണെന്ന് സമിതി ആരാഞ്ഞു.

ഭേദഗതി വരുത്തി പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് 19-6-2018-ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും സമിതി നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി വീണ്ടും പ്രോസസ്സ് ചെയ്യേണ്ടി വന്നതിനാലാണ് ഇത്രയും താമസം നേരിട്ടതെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ വ്യക്തമാക്കി.

III. ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കുറിപ്പിൽ മുൻ 5 വർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

(19-6-2019-ലെ ക്രമപ്രശ്നം)

അടുത്ത വർഷം മുതൽ ധനാഭ്യർത്ഥന സംബന്ധിച്ച കുറിപ്പിൽ 5 വർഷത്തെ മുൻകാല താരതമ്യ കണക്കുകൾ ലഭ്യമാക്കണമെന്ന് തൊഴിൽ, ഊർജ്ജം എന്നീ വകുപ്പുകൾക്ക് സമിതി കർശന നിർദ്ദേശം നൽകി.

2. പാലക്കാട് കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറി സന്ദർശനം സംബന്ധിച്ച്

(ഫയൽ നമ്പർ 5957/സബ്.സി.സി.1/2014/നി.സെ.)

സമിതി 27-11-2014-ൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറി സന്ദർശനം നടത്തി സ്ഥിതിഗതികൾ അവലോകനം ചെയ്ത് ചില നിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിലും കുറച്ചുദിവസങ്ങൾക്കുശേഷം അവിടത്തെ അവസ്ഥ വീണ്ടും പഴയതുപോലെയായതുകൊണ്ട് ഒരു തവണ കൂടി സന്ദർശനം നടത്താമെന്ന് സമിതി തീരുമാനിച്ചിരുന്നുവെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട തൊഴിൽ വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് 16-1-2019-ലെ സമിതിയോഗം അംഗീകരിച്ചതാണെന്നും സഭയിൽ റിപ്പോർട്ട് സമർപ്പിക്കണമെങ്കിൽ ഒരിക്കൽക്കൂടി സന്ദർശനം നടത്തി വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ടെന്നും നിയമസഭ ഉദ്യോഗസ്ഥർ സമിതിയെ ബോദ്ധ്യപ്പെടുത്തി.

സമിതി 2014-ൽ കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറി സന്ദർശിച്ച് കാര്യങ്ങൾ മനസ്സിലാക്കിയെങ്കിലും പിന്നീട് തുടർനടപടികളുണ്ടായിട്ടില്ലെന്നും ഇപ്പോൾ അഞ്ച് വർഷം പിന്നിട്ട സാഹചര്യത്തിൽ അവിടെ ഒന്നുകൂടി സന്ദർശിച്ച് അവിടെയുള്ള കോൺട്രാക്ട് തൊഴിലാളികളെ സംബന്ധിച്ച പ്രശ്നങ്ങളിൽ മനുഷ്യാവകാശ കമ്മീഷൻ ഉന്നയിച്ച കാര്യങ്ങളുൾപ്പെടെയുള്ളവയിൽ സ്വീകരിച്ച നടപടികൾ പരിശോധിക്കേണ്ടതുണ്ടെന്നും നിരീക്ഷിച്ച സമിതി 5-9-2019 -ന് കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറി സന്ദർശിക്കാൻ തീരുമാനിച്ചു.

3. നഗരങ്ങളിലെ അസംഘടിത തൊഴിലാളികൾക്കുവേണ്ടിയുള്ള ചെലവുകുറഞ്ഞ ഭവനനിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസവും

(ഫയൽ നമ്പർ 349/സബ്.സി.സി.1/2017/നി.സെ.)

പ്രസ്തുത വിഷയം സംബന്ധിച്ച അധികവിവരത്തിന്മേലുള്ള റിപ്പോർട്ട് 16-1-2019-ലെ യോഗത്തിൽ സമിതി അംഗീകരിച്ചതാണെന്നും ടി ഫയലിൽ നടപടി തുടരുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുണ്ടെന്നും നിയമസഭ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചപ്പോൾ ഈ രണ്ട് വിഷയങ്ങളും സമിതിയുടെ പരിഗണനയിലുള്ളതാണെന്നും പ്ലാന്റേഷൻ മേഖലയിൽ സ്ഥലം കണ്ടെത്താനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണെന്നും കഴിയുന്നത്ര വേഗത്തിൽ അവിടെ ചെലവുകുറഞ്ഞ വീട് നിർമ്മിച്ച് ലോ ഇൻകം ഗ്രൂപ്പിൽപ്പെട്ട തൊഴിലാളികൾക്ക് വിലസ്റ്റ് നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും

അടിമാലിയിൽ നിർമ്മിച്ച 217 വീടുകൾ ഇപ്പോൾ സൗജന്യമായി കൊടുക്കത്തക്ക രീതിയിൽ 'ലൈഫ് മിഷന് ' കൈമാറിക്കഴിഞ്ഞുവെന്നും സംസ്ഥാനത്ത് ഇതുപോലെ വീട് നിർമ്മിച്ചുനൽകുന്ന വേറെ സ്കീമുകളെപ്പറ്റിയും ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

പേരാമ്പ്ര എസ്റ്റേറ്റിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പ്ലാന്റേഷൻ കോർപ്പറേഷന്റെ ക്വാർട്ടേഴ്സുണ്ടെന്നും വീടും സ്ഥലവും ഇല്ലാത്ത തൊഴിലാളികൾക്ക് വീടുവച്ച് നൽകുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കുമെന്നും ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി വീട് നിർമ്മിക്കുന്ന ഒരു സ്കീമിൽ ഒരെണ്ണം കോഴിക്കോടാണുള്ളതെന്നും പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, 610 തൊഴിലാളികൾക്ക് താമസിക്കാൻ കഴിയുന്ന രീതിയിൽ പണി പൂർത്തിയാക്കിയ ഒരു വീട് കഴിഞ്ഞ പ്രളയത്തിനുശേഷം തൊഴിലാളികളെ ഏല്പിച്ചുകഴിഞ്ഞുവെന്നും സമിതി ചെയർമാൻ അറിയിച്ചു. ഗ്യാസ്, കറന്റ്, വെള്ളം മുതലായ എല്ലാ സൗകര്യങ്ങളുമുള്ള അടുക്കളയോടുകൂടിയ ഒരു റൂമിൽ 10 തൊഴിലാളികളെ വീതം താമസിപ്പിച്ച് ഒരു തൊഴിലാളിയിൽ നിന്ന് 800 രൂപ വാടക ഈടാക്കുക എന്ന രീതിയിലാണ് ഏർപ്പാട് ചെയ്തിട്ടുള്ളതെന്നും വരവ്-ചെലവ് ഒത്തുപോകാത്തതിനാൽ ഇതിന്റെ വാടകയിനത്തിൽ ചെറിയൊരു വ്യത്യാസം വരുത്തേണ്ടിവരുമെന്നും എല്ലാ ജില്ലകളിലും ഇതുപോലുള്ള വീട് നിർമ്മിച്ച് നൽകാനാണ് സർക്കാർ ആലോചിക്കുന്നതെന്നും സമിതി ചെയർമാൻ അറിയിച്ചു.

സമിതിയുടെ അടുത്ത യോഗം 2019 ആഗസ്റ്റ് മാസം 14-ാം തീയതി തിരുവനന്തപുരത്തുവച്ച് കൂടുവാനും സെപ്റ്റംബർ മാസം 5-ാം തീയതി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറി സന്ദർശിക്കുവാനും തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12.00-മണിക്ക് പിരിഞ്ഞു.

## 14-8-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2019 ആഗസ്റ്റ് മാസം 14-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കെ. ദാസൻ, എം.എൽ.എ.
2. ശ്രീ. പി. ഉണ്ണി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീ. എസ്. ചന്ദ്രശേഖർ, ഡയറക്ടർ, എംപ്ലോയ്മെന്റ് & ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ്.
3. ശ്രീമതി എസ്. നിഷ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
4. ശ്രീ. എം. എ. ജോർജ് ഫ്രാൻസിസ്, ജോയിന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ് & ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ്.
5. ശ്രീ. പി. കെ. മാധവൻ, അഡീഷണൽ ഡയറക്ടർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ്.
6. ഡോ. കെ. മനോജ് കുമാർ, പ്രിൻസിപ്പൽ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)
7. ശ്രീമതി ശ്രീകല എസ്. പണിക്കർ, ഫിനാൻസ് ഓഫീസർ, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)
8. ശ്രീ. ആർ. അനീഷ്, അക്കൗണ്ട്സ് ഓഫീസർ, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

സമിതി, KASE മുഖേന നടപ്പിലാക്കുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ എന്ന വിഷയം സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

വിവിധ വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമായി ചർച്ച നടത്തി അഭിപ്രായ ഏകീകരണമുണ്ടാക്കണമെന്ന നിലപാടിന്റെ അടിസ്ഥാനത്തിലാണ് സമിതി പ്രത്യേക ചർച്ചകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നും ഇന്നത്തെ യോഗത്തിൽ KASE (Kerala Academy for Skills Excellence)-ന്റെ പ്രവർത്തന പദ്ധതികളെ സംബന്ധിച്ചുള്ള വിശകലനമാണ് പരിഗണനയ്ക്കെടുക്കുന്നതെന്നും ബഹു. സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു.

ആധുനിക ലോകത്തെ വിവിധ മേഖലകളിൽ വരുന്ന പുതിയ തൊഴിലവസരങ്ങളിൽ സ്കിൽഡ് പ്രൊഫഷണലുകളെ സൃഷ്ടിക്കാൻ വേണ്ടിയുള്ള പരിശീലന പദ്ധതികൾ കേന്ദ്രീകരിച്ച് ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2012-ൽ കമ്പനീസ് ആക്ട് സെക്ഷൻ 25-പ്രകാരം രജിസ്റ്റർ ചെയ്ത് പൂർണ്ണമായും പ്ലാൻ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ് 'KASE' എന്നും അടുത്തകാലത്ത് കേന്ദ്ര ഗവൺമെന്റിന്റെ സ്കിൽ ഡെവലപ്മെന്റ് മിഷനായി KASE-നെ പ്രഖ്യാപിച്ചിട്ടുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

തുടർന്ന് KASE മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ച് തൊഴിൽ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു. പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY), 2018-ൽ ആരംഭിച്ച SANKALP (Skills Acquisition and Knowledge Awareness for Livelihood Promotion) എന്നിവയാണ് KASE മുഖേന നടപ്പിലാക്കി വരുന്ന കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ. കൂടാതെ സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതികളായ മികവിന്റെ കേന്ദ്രങ്ങളും അക്രെഡിറ്റഡ് കോഴ്സുകളും മറ്റ് പദ്ധതികളും KASE മുഖാന്തരം നടത്തുന്നുണ്ട്. വിവിധ മേഖലകളിൽ അഞ്ച് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് KASE സ്വീകരിച്ചുവരുന്നത്. NICE (Nursing Institute for Career Enhancement), CATS (Centre for Advanced Training in Security), എറണാകുളം ജില്ലയിലെ അങ്കമാലിയിൽ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്ന ഓയിൽ ആന്റ് റിഗ് മേഖലയിൽ ജോലി ലഭിക്കുന്നതിന് വേണ്ടിയുള്ള പരിശീലന പദ്ധതിയായ ESPOiR (Enlighten Skills Programme for Oil & Rig), കോഴിക്കോട് ജില്ലയിലെ CRETT (Centre for Research in Education and Teacher Training), കളമശ്ശേരിയിലെ School of Water Technology (SWAT) എന്നിവയാണ് പ്രസ്തുത സ്ഥാപനങ്ങൾ.

KASE, ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ പരിശോധിച്ച് അവിടുത്തെ പരിശീലന പരിപാടികളും കുട്ടികളുടെ നിലവാരവും വിലയിരുത്തിയശേഷം സ്ഥാപനത്തിന് അക്രെഡിറ്റേഷൻ നൽകുകയും കാലാകാലങ്ങളിൽ അസെസ്സ് ചെയ്ത് ക്വാളിറ്റി നിലനിർത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

തൊഴിലവസരങ്ങൾ ധാരാളമുള്ള കെട്ടിടനിർമ്മാണ മേഖലയിൽ പ്രൊഫഷണലുകളെ സൃഷ്ടിക്കുന്നതിനായി തൊഴിൽ വകുപ്പ് KASE മുഖാന്തരം നടപ്പിലാക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനം കൊല്ലം ചവറയിൽ പ്രവർത്തിക്കുന്നുണ്ട്. ടി പദ്ധതിയുടെ സ്കില്ലിംഗ് പാർട്ട്ണറായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് നിയമിച്ചിരിക്കുന്നത്. നിലവിൽ അവിടെ ഏഴ് കോഴ്സുകൾ പൂർത്തിയാക്കിയിട്ടുണ്ട്. അടുത്ത വർഷത്തേക്ക് 26 കോഴ്സുകൾക്കുകൂടി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

കൂടാതെ പരമ്പരാഗത രീതിയും ആധുനിക രീതിയും സംയോജിപ്പിച്ചുകൊണ്ട് ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി 2008 മുതൽ പ്രവർത്തിച്ചുവരുന്ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) എന്ന സ്ഥാപനം 2013-14-ൽ KASE-ൽ ലയിപ്പിച്ചു. അവിടെ രണ്ടര വർഷം ദൈർഘ്യമുള്ള ഇന്റഗ്രേറ്റഡ് ലൈഫ് സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ, ഐ.ടി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ അപ്പാരൽ ഡിസൈൻ എന്നിങ്ങനെ മൂന്ന് പി.ജി. ഡിപ്ലോമ കോഴ്സുകളാണ് നടത്തുന്നത്. 2018-ൽ ഇന്ത്യാ ഫാഷൻ സമ്മിറ്റും 'അന്വയ്' എന്ന പേരിൽ ഡിസൈൻ സമ്മിറ്റും സംഘടിപ്പിച്ചിട്ടുണ്ട്. അവിടെ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾക്ക് ഡിസൈൻ മേഖലയിൽ പല അവാർഡുകളും ലഭിച്ചിട്ടുണ്ട്. കരിയർ ഡെവലപ്മെന്റ് സെന്ററും എംപ്ലോയബിലിറ്റി സെന്ററുകളും KASE നേരിട്ട് നടത്തുന്ന സ്ഥാപനങ്ങളാണ്. കേരളത്തിലുടനീളം കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ സ്വകാര്യ പങ്കാളികൾ മുഖേന പ്രവർത്തിച്ചിരുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ ചില അസസ്മെന്റുകൾ നടത്തിയതിനു ശേഷം എംപ്ലോയ്മെന്റ് വകുപ്പുകൾ വഴി നേരിട്ടാണ് നടത്തുന്നത്.

ഗ്രാമീണ മേഖലയിലെ യുവജനങ്ങളുടെ നൈപുണ്യ വികസനത്തിനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയായ കൗശൽ കേന്ദ്രങ്ങൾ കൊല്ലം (ചവറ), പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ നടത്തി വരുന്നു.

തൊഴിൽരംഗങ്ങളിൽ വിദഗ്ധരുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനമാണ് സ്റ്റേറ്റ് ജോബ് പോർട്ടൽ. തൊഴിലന്വേഷകർക്ക് അവരുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും തൊഴിൽദാതാവിന് തൊഴിലവസരങ്ങൾ ജോബ് പോർട്ടലിൽ നൽകുന്നതിനും സാധിക്കുന്നതാണ്. പ്രസ്തുത പോർട്ടലിൽ 107 രജിസ്റ്റേർഡ് എംപ്ലോയേഴ്സുണ്ട്. കൂടാതെ 300 തൊഴിലുടമകൾ അടിസ്ഥാന രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കിയിട്ടുമുണ്ട്. അവരുടെ ഡീറ്റെയിൽസ് അസെസ്സ് ചെയ്തു കൊണ്ടിരിക്കുകയാണ്.

ഏതൊരു വിദഗ്ധ തൊഴിലാളിക്കും സ്കിൽ രജിസ്ട്രി പോർട്ടലിൽ അവരുടെ പേര് രജിസ്റ്റർ ചെയ്ത് യോഗ്യതയുള്ള മേഖല പോർട്ടലിൽ രേഖപ്പെടുത്താവുന്നതാണ്. യോഗ്യതയില്ലാത്തവർക്ക് തൊഴിൽ മേഖലയിൽ നിശ്ചിത വർഷത്തെ പരിചയം ഉണ്ടെന്നുള്ളത് സംബന്ധിച്ചും രേഖപ്പെടുത്താൻ കഴിയും. പെയിന്റർ, ഇലക്ട്രീഷ്യൻ, ഡ്രൈവർ തുടങ്ങിയ 24 സർവ്വീസ് മേഖലകളിൽപ്പെട്ട തൊഴിലന്വേഷകർക്ക് ഇതിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഏതെങ്കിലും തൊഴിൽദാതാവിന് ഇവരുടെ സേവനം

ആവശ്യമെങ്കിൽ അവരും കസ്റ്റമറായി രജിസ്റ്റർ ചെയ്തുകൊണ്ട് ഈ സംവിധാനം വഴി പ്രസ്തുത സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. പ്രസ്തുത പോർട്ടലിൽ തൊഴിൽ വൈദഗ്ധ്യമുള്ള 411 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 330 പേരുടെ അപ്രൂവൽ പെൻഡിംഗിലാണ്. 672 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 11 ആളുകൾ മാത്രമാണ് ഓർഡർ പ്ലേസ് ചെയ്തിട്ടുള്ളത്.

പത്ത് ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന കിഫ്ബി പദ്ധതിയും KASE മുഖാന്തരമാണ് നടത്തുന്നത്. 82.5 കോടി രൂപയുടെ പദ്ധതിയാണ് കിഫ്ബി സാംഗ്ഷൻ ചെയ്തിട്ടുള്ളത്. മൂന്ന് ഐ.ടി.ഐ.കൾക്ക് ടെക്നിക്കൽ സാംഗ്ഷൻ ലഭിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ വഴി സ്ത്രീകളെ ഫോക്കസ് ചെയ്തുകൊണ്ട് ജെറിയാട്രിക് കെയർ, ഡ്രൈവിംഗ് എന്നീ കോഴ്സുകൾക്ക് KASE ധനസഹായം നൽകുന്നുണ്ട്. അതുകൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് ആ കാറ്റഗറിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കിൽ ഡെവലപ്മെന്റിന് സഹായം നൽകുന്നുണ്ട്.

പത്ത് ഐ.ടി.ഐ.കളിൽ ടെക്നിക്കൽ സാംഗ്ഷൻ ലഭിച്ചിട്ടുള്ള ഐ.ടി.ഐ.കൾ, അവയുടെ ടെണ്ടർ നടപടികൾ എന്നിവയുടെ വിശദാംശങ്ങളെ കുറിച്ച് സമിതി ആരാഞ്ഞപ്പോൾ, മലമ്പുഴ, കൊയിലാണ്ടി, ധനുവച്ചപുരം എന്നിവിടങ്ങളിലെ 3 ഐ.ടി.ഐ.കൾക്കാണ് ടെക്നിക്കൽ സാംഗ്ഷൻ ലഭിച്ചതെന്നും അവയുടെ ടെണ്ടർ നടപടികൾ രണ്ടുമൂന്നാഴ്ചയ്ക്കുള്ളിൽ തുടങ്ങാൻ സാധിക്കുമെന്നും ബാക്കി ഏഴ് ഐ.ടി.ഐ.കളുടേയും സ്ട്രക്ച്ചറൽ വെറ്റിംഗ് നടന്നുവരുന്നുവെന്നും തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജാണ് പ്രവൃത്തി നടത്തുന്നതെന്നും രണ്ട് ഐ.ടി.ഐ.കളുടെ സ്ട്രക്ച്ചറൽ വെറ്റിംഗ് കഴിഞ്ഞിട്ടുണ്ടെന്നും വെറ്റിംഗ് കഴിഞ്ഞുവരുന്ന മുറയ്ക്ക് മറ്റ് നടപടികൾ ഒരു മാസം കൊണ്ട് പൂർത്തിയാക്കാൻ സാധിക്കുമെന്നും എംപ്ലോയ്മെന്റ് & ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

പത്ത് ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ 2016 ഡിസംബറിൽ തീരുമാനമെടുത്തിട്ടും ഇത്രയധികം കാലതാമസമുണ്ടാകുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് കിഫ്ബിയുടെ സാംഗ്ഷൻ ഇപ്പോഴാണ് ലഭിച്ചതെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ അറിയിച്ചപ്പോൾ ഈ പ്രോജക്ട് കിഫ്ബിയിലേയ്ക്ക് വരുന്നതിന് മുമ്പുതന്നെ പത്ത് ഐ.ടി.ഐ.-കളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന തീരുമാനം എടുത്തതാണെന്നും കിഫ്ബി ഉൾപ്പെടെയുള്ള സാങ്കേതിക പ്രശ്നങ്ങൾ ഉന്നയിച്ചാൽപ്പോലും മൂന്ന് വർഷമായി ഒരു ഐ.ടി.ഐ.-യുടെ വർക്കുപോലും തുടങ്ങാൻ സാധിക്കാത്തത് അംഗീകരിക്കാനാവില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. കിഫ്ബിയുടെയുംകൂടി ഭാഗമായി സ്പ്ലിറ്റ് ചെയ്ത് വർക്ക് തുടങ്ങാമെന്നുള്ള നിലപാട് എടുത്തതുകൊണ്ടാണ് പ്രസ്തുത പദ്ധതിക്കുള്ള ഫണ്ടിന്റെ ചെറിയ ഭാഗം മാത്രം ഇതിലേയ്ക്ക്

വന്നതെന്നും പ്രസ്തുത പ്രവൃത്തിയുടെ യഥാർത്ഥ തുക 200 കോടി രൂപയാണെന്നും ബഹു. സമിതി ചെയർമാൻ അറിയിച്ചു. കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ട് എത്ര മാസമായെന്ന് വകുപ്പുദ്യോഗസ്ഥരോട് സമിതി ആരാഞ്ഞു. 2019 മാർച്ച്/ഏപ്രിൽ മാസമാണ് അംഗീകാരം ലഭിച്ചതെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ വ്യക്തമാക്കിയപ്പോൾ ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കാതെ നീട്ടിക്കൊണ്ട് പോകുന്നത് ഗുണകരമല്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

തൊഴിൽ വകുപ്പ് സ്വന്തമായി ചെയ്യുന്ന സംരംഭമായ ജോബ് പോർട്ടലുമായി ബന്ധപ്പെട്ട വിശദാംശങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞു. ജോബ് പോർട്ടലിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി 107 തൊഴിലുടമകൾ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ 791 പേർ ഭാഗികമായി രജിസ്റ്റർ ചെയ്തവരാണെന്നും 39,499 തൊഴിലന്വേഷകർ ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞുവെന്നും കൂടുതൽ എംപ്ലോയേഴ്സിനെ രജിസ്റ്റർ ചെയ്യിക്കുന്നതിനുവേണ്ടി മാനേജ്മെന്റ് ശ്രമിക്കുന്നുണ്ടെന്നും തൊഴിലന്വേഷകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞ ഒരു മാസമായി 817 അഭിമുഖങ്ങൾ ഷെഡ്യൂൾ ചെയ്തിട്ടുണ്ടെന്നും യോഗ്യതയുള്ളവർ ഇല്ലാത്തതിനാൽ പോർട്ടലിൽ 3260 ഒഴിവുകൾ നികത്തപ്പെടാതെ ഒഴിഞ്ഞുകിടക്കുകയാണെന്നും എംപ്ലോയ്മെന്റ് & ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ടെക്നിക്കൽ എഡ്യൂക്കേഷൻ സ്ഥാപനങ്ങൾ, ഐ.റ്റി.ഐ., പോളിടെക്നിക്, എഞ്ചിനീയറിംഗ് കോളേജുകൾ, പാരാമെഡിക്കൽ എന്നീ തൊഴിലവസരങ്ങളുള്ള വിഭാഗങ്ങളിൽ നിന്നുള്ള കൂടുതൽ പേരെ പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞതിന് കഴിഞ്ഞ മാസം മുതൽ തൊഴിൽദാതാക്കൾക്കും തൊഴിലന്വേഷകർക്കുംവേണ്ടി കോളേജുകളിലേക്ക് കത്ത് അയച്ചുകൊണ്ട് ഒരു ശ്രമം നടത്തിവരുന്നുണ്ടെന്നും, പാരാമെഡിക്കൽ വിഭാഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും പക്ഷേ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെ ടെക്നിക്കൽ ഫീൽഡിൽ ഉള്ളവരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ അറിയിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും ജോബ് പോർട്ടൽ ആരംഭിച്ചതിനുശേഷം തുടങ്ങിയ സി.ഡി.സി.ക്ക് സ്റ്റുഡൻസിന്റെ ഭാഗത്തുനിന്നുണ്ടായത് പോലുള്ള പ്രതികരണം ജോബ് പോർട്ടലിന് ഉണ്ടാകാത്തതിനാൽ അതിനായി ബോധവൽക്കരണ പരിപാടി നടത്തേണ്ടി വരുമെന്നും കേരളത്തിലെ തൊഴിലില്ലാത്തവരുടെ എണ്ണവും ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണവും തമ്മിൽ വളരെ വ്യത്യാസമാണുള്ളതെന്നും നിരീക്ഷിച്ച സമിതി താഴെക്കിടയിലുള്ള ഉദ്യോഗാർത്ഥികൾക്ക് സഹായകരമായ നിലയിൽ ജോബ് പോർട്ടൽ

ഉപയോഗപ്രദമാകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. KASE, സി.ഡി.സി. എന്നിവയുടെ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥതലത്തിൽ മാത്രം ചർച്ച ചെയ്യപ്പെടുന്ന വിഷയമായി മാറാതെ ഇത് സംബന്ധിച്ച വിവരങ്ങൾ ജനപ്രതിനിധികളും തദ്ദേശഭരണ സ്ഥാപനങ്ങളുംവഴി ജനങ്ങളിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

KSID (Kerala State Institute of Design)-ലെ വിദ്യാർത്ഥികളുടെ എണ്ണം, അഫിലിയേഷൻ, പ്ലേസ്‌മെന്റ്, തൊഴിൽ സാധ്യത, എന്നിവ സംബന്ധിച്ച വിവരങ്ങൾ സമിതി ആരാഞ്ഞു. കെ.എസ്.ഐ.ഡി.-യിൽ ആകെ 30 സീറ്റാണുള്ളതെന്നും ഈ വർഷം 22 പേർ ജോയിൻ ചെയ്തതിൽ രണ്ടുപേർ ഇതുവരെ വന്നിട്ടില്ലെന്നും ഡിഗ്രി സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അഫിലിയേഷൻ കെ.എസ്.ഐ.ഡി.ക്ക് ഇല്ലാത്തതിനാൽ പി.ജി. ഡിപ്ലോമ സർട്ടിഫിക്കറ്റാണ് ഇപ്പോൾ നൽകുന്നത് എന്നതാണ് സ്ഥാപനം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമെന്നും ഇതുസംബന്ധിച്ച ആശങ്ക കുട്ടികളുടെയും രക്ഷിതാക്കളുടെയും ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്നും ഇപ്പോൾ ഡിസൈൻ മേഖലയിൽ വളരെയധികം തൊഴിൽ സാധ്യതകളുള്ളതുകൊണ്ട് അഫിലിയേഷനുള്ള പ്രോസസ്സ് നടത്തുന്നുണ്ടെന്നും KSID പ്രിൻസിപ്പൽ അറിയിച്ചു.

കോഴ്സ് പാസാകുന്നതിനുമുമ്പുതന്നെ വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുന്നത് കൊണ്ടാണ് അഫിലിയേഷൻ സംബന്ധിച്ച് ഇതുവരെ പ്രശ്നങ്ങളുണ്ടാകാതിരുന്നതെന്നും എന്നാൽ കഴിഞ്ഞ 2 വർഷമായി കുട്ടികൾ ഉയർന്ന ജോലിക്കുവേണ്ടി ശ്രമിക്കുന്നത് കൊണ്ട് അഫിലിയേഷൻ ഇല്ലാത്തതിനെക്കുറിച്ച് ആശങ്കപ്പെടുന്നുണ്ടെന്നും ആട്ടോണമസായി ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപനമായിട്ടല്ല വിഭാവനം ചെയ്തിരുന്നതെന്നും ഡിഗ്രി സർട്ടിഫിക്കറ്റ് നൽകേണ്ടിവരുമെന്ന് മനസ്സിലാക്കിയതിനാൽ ഇപ്പോഴുള്ള രീതി മാറ്റി ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപനമായി മാറ്റിയെടുക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപനമായി KSID യെ മാറ്റുന്നതിന് ചെയ്യേണ്ട നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞതിന്, 2019-ൽ പാർലമെന്റിൽ പാസാക്കിയ എൻ.ഐ.ഡി. ആക്ട് (National Institute of Design)ന്റെ മോഡലിൽ കെ.എസ്.ഐ.ഡി. ആക്ട് പാസാക്കിക്കഴിഞ്ഞാൽ ഡീംഡ് യൂണിവേഴ്സിറ്റി സ്റ്റാറ്റസിൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയുന്ന സ്ഥാപനമായി കെ.എസ്.ഐ.ഡി. മാറുമെന്നും അതല്ലെങ്കിൽ ഏതെങ്കിലും യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്യണമെന്നും എന്നാൽ കേരള യൂണിവേഴ്സിറ്റിയുമായോ കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുമായോ അഫിലിയേറ്റ് ചെയ്തുകഴിഞ്ഞാൽ എ.ഐ.സി.റ്റി.ഇ. നോംസ് പ്രകാരം പ്രവർത്തിക്കേണ്ടിവരുമെന്നും അപ്പോൾ ടി സ്ഥാപനത്തിന്റെ സ്വയംഭരണ സ്വഭാവം നഷ്ടമാകുമെന്നും ഇപ്പോൾ ലേബർ

ഡിപ്പാർട്ടുമെന്റിന്റെ കീഴിലായതുകൊണ്ടും നേരത്തെ അങ്ങനെ പ്ലാൻ ചെയ്തിരുന്നതുകൊണ്ടും ഓട്ടോണമസ് ക്യാരക്ടറിലാണ് പ്രവർത്തിക്കുന്നതെങ്കിലും പല സംവിധാനങ്ങളും ഇല്ലാതെയാണ് ഓട്ടോണമി കൈകാര്യം ചെയ്തുകൊണ്ടുപോകുന്നതെന്ന് KSID പ്രിൻസിപ്പൽ വ്യക്തമാക്കി.

കെ.എസ്.ഐ.ഡി. ആരംഭിച്ച സന്ദർഭത്തിൽ KASE-ന്റെ ഭാഗമല്ലായിരുന്നുവെന്നും തൊഴിൽമേഖലയിൽ നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു വലിയ സ്ഥാപനമായി മാറ്റിയെടുക്കണമെന്ന് ഉദ്ദേശിച്ചാണ് കെ.എസ്.ഐ.ഡി. ആരംഭിച്ചതെന്നും 2013-ലാണ് ഇത് KASE-ന്റെ ഭാഗമാക്കി മാറ്റിയതെന്നും ആ സ്റ്റാറ്റസ് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണെന്നും അതുകൊണ്ട് ടി സ്ഥാപനത്തിന് ഇപ്പോൾ സ്വതന്ത്ര പദവിയില്ലായെന്നും ടി സ്ഥാപനം പ്രവർത്തിക്കേണ്ടത് എങ്ങനെയാണെന്നുള്ളത് ആലോചിച്ച് തീരുമാനിച്ച് മുന്നോട്ടുപോകണമെന്നും കെ.എസ്.ഐ.ഡി. ആക്ട് പാസാക്കണമെന്നുണ്ടെങ്കിൽ അതിനുള്ള പ്രൊപ്പോസൽ കൊണ്ടുവരണമെന്നും ബഹു. സമിതി ചെയർമാൻ വ്യക്തമാക്കി.

കെ.എസ്.ഐ.ഡി.യിൽ പുതിയ പ്രിൻസിപ്പൽ ജോയിൻ ചെയ്ത് രണ്ട് മാസമേ ആയിട്ടുള്ളൂവെന്നും ഇപ്പോൾ കെ.എസ്.ഐ.ഡി. ആക്ടിന്റെ കരട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. 'സർഗാലയ' നടത്തുന്ന ഇന്റർനാഷണൽ ക്രാഫ്റ്റ് മേളകളിലൊക്കെ കെ.എസ്.ഐ.ഡി. പങ്കെടുക്കാറുണ്ടെന്ന് നിരീക്ഷിച്ച സമിതി കൂടുതൽ ഉദ്യോഗാർത്ഥികൾ ഇവിടെ പഠനത്തിനെത്തുന്നതിനുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് അഭിപ്രായപ്പെട്ടു. മേളയുടെ ഭാഗമായി പരിശീലന പരിപാടികൾ നവീകരിച്ച് മൂന്ന് പരിപാടികൾ തയ്യാറാക്കിയതിൽ ട്രഡിഷണൽ കാർപ്പന്ററി പ്രോഗ്രാം ആരംഭിക്കാൻ പോകുകയാണെന്നും കേരള സ്റ്റാർട്ടപ്പ് മിഷനുമായി ക്ലബ്ബ് ചെയ്ത് ഓപ്പൺ ഹൗസ് നടത്തിയതിന്റെ ഫലമായി തിരുവനന്തപുരത്ത് മൂന്നാമത്തെ ഫാബ്‌ലാബിനുള്ള അനുമതി ലഭിച്ചിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

കെ.എസ്.ഐ.ഡി. ഡെവലപ് ചെയ്യുന്നതിന് ആവശ്യമായ നിയമ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ നൽകിയാൽ നടപടി സ്വീകരിക്കാമെന്നും സ്കിൽ ഡെവലപ്‌മെന്റിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നൽകുന്ന പരിഗണനയ്ക്കനുസരിച്ച് KASE-ന്റെ എല്ലാ സംവിധാനങ്ങളും ശക്തിപ്പെടുത്തുകയും പുതിയ കോഴ്സുകളെക്കുറിച്ച് ആലോചിക്കുകയും വേണമെന്നും സമിതി നിർദ്ദേശിക്കുകയും ചെയ്തു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റ് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ധനകാര്യ വകുപ്പിൽ നിന്നും ഇതുവരെ ട്രാൻസ്ഫർ ചെയ്ത് ലഭിച്ചിട്ടില്ലെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ വ്യക്തമാക്കി. സ്കിൽ ഡെവലപ്‌മെന്റ് സ്കീമായതുകൊണ്ട് ഇതിന്റെയെല്ലാം

വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചാൽ മാത്രമേ ഫണ്ടിനുവേണ്ടിയുള്ള ശ്രമം നടത്താൻ സാധിക്കുകയുള്ളൂവെന്ന് ബഹു. സമിതി ചെയർമാൻ അറിയിച്ചു. 'പ്രധാനമന്ത്രി കൗശൽ വികാസ് യോജന' പദ്ധതിയിൽ (PMKVY) കേന്ദ്രഗവൺമെന്റ് വകയിരുത്തിയ 88 കോടി രൂപ സംസ്ഥാനത്തിന് മാത്രമാണെന്നും, പക്ഷേ ടി തുക KASE-ന് ലഭിച്ചിട്ടില്ലായെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത തുക നേടിയെടുക്കുന്നതിന് നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞു. ആദ്യഗഡുവായി സംസ്ഥാനത്തിന് ലഭിച്ച 22 കോടി രൂപ ധനകാര്യ വകുപ്പ് KASE-ന് ട്രാൻസ്ഫർ ചെയ്ത് ചെലവഴിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും ടി തുക ചെലവഴിച്ചതിനുശേഷം ബാക്കിയുള്ളത് ആവശ്യപ്പെടാവുന്നതാണെന്നും എംപ്ലോയ്മെന്റ് ആന്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് ഡയറക്ടർ അറിയിച്ചപ്പോൾ ടി തുക കാര്യക്ഷമമായി വിനിയോഗിക്കുവാൻ കഴിയുന്നില്ലായെന്ന് സമിതി വിലയിരുത്തി. കേന്ദ്രസർക്കാർ അവസാനമായി 2018 ഡിസംബർ മാസത്തിലാണ് ടി തുക റിവൈസ് ചെയ്ത് പുതിയ കോസ്റ്റ് പെർ സ്റ്റുഡന്റ് തീരുമാനിച്ചതെന്നും അതിനുശേഷം മാത്രമാണ് ടി പദ്ധതി ടേക്ക് ഓഫ് ചെയ്തതെന്നും പേര് വിവരപ്പട്ടിക പൂർത്തീകരിക്കുന്നതിന് നൽകിയിരിക്കുന്ന അവസാന തീയതി 2019 നവംബർ മാസത്തിലാണെന്നും അപ്പോഴേക്കും 35600 ആളുകളേയും എൻറോൾ ചെയ്യുകയും പിന്നീടത് തുടരുകയും ചെയ്യുമെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ സമിതിക്ക് ഉറപ്പുനൽകി.

KASE തയ്യാറാക്കിയ പദ്ധതികൾ വിശദമായി പരിശോധിക്കണമെന്നും തൊഴിലില്ലാത്ത വിഭാഗങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാകത്തക്കവിധത്തിൽ കേന്ദ്രത്തിൽ കുറച്ചുകൂടി സമ്മർദ്ദം ചെലുത്തണമെന്നും സമിതി നിർദ്ദേശിച്ചു. കോഴിക്കോട്ടുള്ള കൗശൽകേന്ദ്ര പബ്ലിക് ലൈബ്രറിയിൽ നിന്ന് മാറ്റുന്നതിനുവേണ്ടി സ്ഥലം കണ്ടെത്താൻ നടത്തിയ ശ്രമങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ കോഴിക്കോട് പാളയത്ത് കല്പകക്കാരുടെ വക സ്ഥലം നോക്കിയിരുന്നുവെന്നും അതിന്റെ ഉടമസ്ഥൻ സഹകരിക്കാത്തതുകൊണ്ട് ആ ഉദ്യമത്തിൽനിന്നും പിന്മാറേണ്ടിവന്നുവെന്നും ഇപ്പോൾ കോഴിക്കോട് ബി.എസ്.എൻ.എൽ. വക സ്ഥലം നോക്കിക്കൊണ്ടിരിക്കുകയാണെന്നും എംപ്ലോയ്മെന്റ് ആന്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് ഡയറക്ടർ അറിയിച്ചു. ഇതിനുവേണ്ടി എത്ര സ്ക്വയർ ഫീറ്റ് സ്ഥലമാണ് വേണ്ടതെന്ന് സമിതി ആരാഞ്ഞപ്പോൾ മിനിമം 2500 മുതൽ 3000 സ്ക്വയർ ഫീറ്റ് വരെ സ്ഥലം ആവശ്യമാണെന്നും ബി.എസ്.എൻ.എൽ.ന്റെ പാളയത്തുള്ള സ്ഥലമാണ് പ്രൊപ്പോസ് ചെയ്തിട്ടുള്ളതെന്നും എംപ്ലോയ്മെന്റ് ആന്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. കൗശൽകേന്ദ്രയിൽ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് മാത്രമാണോ നൽകുന്നതെന്ന് സമിതി ആരാഞ്ഞതിന് ബേസിക് സ്കിൽസും കമ്മ്യൂണിക്കേഷൻ കോഴ്സുമാണ് നൽകുന്നതെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ അറിയിച്ചു

കൗശൽകേന്ദ്രയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ പബ്ലിക് ലൈബ്രറിയിൽ നിന്ന് മാറ്റിയതുകൊണ്ട് ഇപ്പോൾ കോഴിക്കോട് കൗശൽകേന്ദ്ര പ്രവർത്തിക്കുന്നില്ലെന്നും, പാലക്കാട്, ചവറ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്നും എംപ്ലോയ്മെന്റ് ആന്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. പബ്ലിക് ലൈബ്രറി വക കെട്ടിടത്തിൽ കൗശൽകേന്ദ്ര വാടകയില്ലാതെയാണ് പ്രവർത്തിച്ചിരുന്നതെന്ന് നിരീക്ഷിച്ച സമിതി ടി സ്ഥാപനം വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

കരിയർ ഡെവലപ്മെന്റ് സെന്റർ (CDC) മുഖേന ട്രെയിനിംഗ് നൽകുന്ന സെന്ററുകളുടെ വിശദാംശങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞു. തിരുവനന്തപുരം ജില്ലയിലെ രണ്ട് കേന്ദ്രങ്ങളുൾപ്പെടെ 4 ജില്ലകളിലായി 5 കേന്ദ്രങ്ങളിൽ CDC പ്രവർത്തിക്കുന്നുണ്ടെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ടി സെന്റർ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും CDC-യുടെ പല പദ്ധതികളും KASE-ന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും നിയന്ത്രണത്തിലുമാണ് നടപ്പിലാക്കുന്നതെന്നും ഇപ്പോൾ പുതിയതായി ആരംഭിച്ച KASE ഫണ്ട് വഹിക്കുന്ന 'ധനസ്സ് ' എന്ന പദ്ധതിയിൽ ഒന്നാംവർഷ ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സർക്കാർ കോളേജിലെ അദ്ധ്യാപകരുടെ കീഴിൽ പ്രത്യേക പരിശീലനം നൽകി ഉയർത്തിക്കൊണ്ടുവരുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ടി പരിപാടി വിജയിപ്പിക്കാൻ കഴിഞ്ഞാൽ കേരളത്തിലെ എല്ലാ ജില്ലകളിലും' പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പേരാമ്പ്രയിലുള്ള സി.ഡി.സി.-യുടെ പരിശ്രമഫലമായി കേരളത്തിന് പുറത്ത് ഏകദേശം 40-ലധികം കോളേജുകളിലും യൂണിവേഴ്സിറ്റികളിലും വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ടെന്നും ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരിശീലനത്തിലൂടെ വിജയം കൈവരിക്കാനും പുതിയ തൊഴിലവസരങ്ങൾ നേടാനും സാധിക്കുന്നുണ്ടെന്നും പാലക്കാട് ഐ.എ.എസ്. കോച്ചിംഗ് ഉൾപ്പെടെ നടത്തുന്നുണ്ടെന്നും 10 ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ബഹു. സമിതി ചെയർമാൻ വ്യക്തമാക്കി.

ലോകത്തിന്റെ നാനാഭാഗത്തേയ്ക്കും ജോലിക്കായി പോകുന്ന നഴ്സുമാർക്ക് ആശയവിനിമയം നടത്തുന്നതിന് അതാത് നാട്ടിലെ ഭാഷ പഠിക്കേണ്ടതുണ്ടെന്ന് നിരീക്ഷിച്ച സമിതി NICE (Nursing Institute for Career Enhancement) -ന്റെ ഭാഗമായി ഭാഷാപരിശീലനത്തിനായി നിലവിലുള്ള സ്കീമിന്റെ വിശദാംശങ്ങൾ ആരാഞ്ഞു. അന്താരാഷ്ട്ര പ്ലേസ്മെന്റ് ലഭിക്കുന്നവരെ ഒഡെപെക് വഴി ഭാഷ പഠിപ്പിക്കുകയും മികച്ച പരിശീലനം നൽകുകയും ചെയ്യുന്നുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഗൾഫ് രാജ്യങ്ങളിലേയ്ക്കും യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും

ബി.എസ്.സി. നഴ്സമാരെ പരിശീലനം നൽകി അയയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുന്നുണ്ടെന്ന് സമിതി നിരീക്ഷിച്ചു. ഗൾഫ്/യൂറോപ്യൻ രാജ്യങ്ങളിൽ ജോലി ലഭിക്കുന്നവർക്ക് പ്രസ്തുത രാജ്യത്തെ ഭാഷാ പരീക്ഷ കൂടി പാസാകുന്നതിനുവേണ്ടി, പ്രത്യേക ഫാക്കൽറ്റിയെ നിയമിച്ച്, കമ്പ്യൂട്ടർവഴി ഭാഷ പഠിപ്പിച്ചാണ് തയ്യാറെടുപ്പിക്കുന്നതെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ അറിയിച്ചു. വിദേശരാജ്യങ്ങളിൽ നഴ്സമാർക്ക് വളരെയധികം ജോലി സാധ്യതകളാണുള്ളതെന്ന് നിരീക്ഷിച്ച സമിതി ഇതുമായി ബന്ധപ്പെട്ട് കുറച്ചുകൂടി പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ടെന്ന് നിർദ്ദേശിച്ചു.

സമിതി 2019 സെപ്റ്റംബർ മാസം 5-ാം തീയതി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറി സന്ദർശിക്കാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 28-10-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2019 ഒക്ടോബർ മാസം 28-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞതിനു ശേഷം രാവിലെ 11.20-ന് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം മണിയും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം. എൽ. എ.
2. ശ്രീ. ടി. വി. ഇബ്രാഹിം, എം. എൽ. എ.
3. ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.
4. ശ്രീ. വി. പി. സജീന്ദ്രൻ, എം. എൽ. എ.
5. ശ്രീ. പി. ഉണ്ണി, എം. എൽ. എ.
6. ശ്രീമതി വീണാ ജോർജ്ജ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. ജയകുമാർ. ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എ. ജെയിംസ് രാജ്, അഡീഷണൽ സെക്രട്ടറി, തൊഴിൽ വകുപ്പ്

2. ശ്രീ. സി. വി. സജൻ (IAS), ലേബർ കമ്മീഷണർ

3. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

4. ശ്രീ. പി. രഞ്ജിത്, അസിസ്റ്റന്റ് ലേബർ കമ്മീഷണർ (വെൽഫെയർ)

5. ശ്രീ. ശ്രീലാൽ. കെ., അസിസ്റ്റന്റ് ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)

6. ശ്രീ. ആർ. പ്രമോദ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

7. ശ്രീമതി കെ. എസ് സിന്ധു, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

സമിതി കാര്യവിവരപ്പട്ടികയിലെ വിവിധ വിഷയങ്ങൾ പരിഗണിയ്ക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

1. 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ആക്ടിന്മേലുള്ള കരട് ഭേദഗതി ചട്ടം സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 6667/സബ്.സി.സി1/2018/നി.സെ.)

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കുകയും ചട്ടഭേദഗതിയുടെ അന്തിമവിജ്ഞാപനം അടിയന്തരമായി ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ് II അടിസ്ഥാന യോഗ്യത (ജനറൽ) ഭേദഗതി ചെയ്യുന്നതിനുള്ള കരട് ഭേദഗതി ചട്ടം

(ഫയൽ നമ്പർ 4424/സബ്.സി.സി1/2019/നി.സെ.)

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയുടെ അടിസ്ഥാന യോഗ്യത (ജനറൽ) " pass in SSLC or its equivalent" എന്നത് "pass in Pre-degree/Plus Two/VHSE" എന്നാക്കി മാറ്റുന്നതിനുള്ള ഭേദഗതി സമിതി അംഗീകരിച്ചു.

3. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട് അനന്തരനടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ 3181/സബ്.സി.സി1/2019/നി.സെ.)

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 17-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 20-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും സമിതി അംഗീകരിച്ചു.

4. 2018-19 സാമ്പത്തിക വർഷത്തെ കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ കാലതാമസപത്രിക

(ഫയൽ നമ്പർ 143/സബ്.സി.സി1/2019/നി.സെ.)

2018-19 സാമ്പത്തിക വർഷത്തെ കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുവാൻ വൈകിയതിന്റെ കാലതാമസ പത്രിക പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം) (ഖണ്ഡിക 91, 92, 100)

ഊർജ്ജ (സി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 91, 92, 100 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും ആയത് വൈകിയതിനുള്ള കാലതാമസപത്രികയും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിന് ശേഷം സമിതി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടെ സ്റ്റീൽ ഫാക്ടറി സന്ദർശിക്കാൻ തീരുമാനിക്കുകയും അഖിലേന്ത്യാ പഠന പര്യടന പരിപാടി സംബന്ധിച്ച് ടൂർ ചാർട്ട് തയ്യാറാക്കാൻ നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

യോഗം രാവിലെ 11.50-ന് പിരിഞ്ഞു.

## 6-11-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2019 നവംബർ മാസം 6-ാം തീയതി ബുധനാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകന്നേരം 5.40-ന് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം.എം. മണിയും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, "
3. ശ്രീ. ടി.വി. ഇബ്രാഹിം, "
4. ശ്രീ. എം. രാജഗോപാലൻ, "
5. ശ്രീ. പി. ഉണ്ണി, "

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. സി. വി. സാജൻ, ലേബർ കമ്മീഷണർ.
4. ശ്രീമതി കെ. എസ്. സിന്ധു, സി.ഇ.ഒ., കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

സമിതി, 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചർച്ചകൾക്കുശേഷം ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

കേരള ആഭരണത്തൊഴിലാളി ബിൽ 2009-ൽ പാസായെങ്കിലും 9 ലക്ഷം രൂപ മാത്രമാണ് ബോർഡിലേയ്ക്ക് പിരിഞ്ഞു കിട്ടിയിട്ടുള്ളതെന്നും കേസ് നിലനിൽക്കുന്നതുകൊണ്ട് ഉടമകൾക്ക് തുക ഈടാക്കാനും തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുവാനും സാധിക്കുന്നില്ലെന്നും മനസ്സിലാക്കിയ സമിതി ക്ഷേമനിധി ബോർഡിലുണ്ടായ അഭിപ്രായ സമന്വയത്തിന്റെ അടിസ്ഥാനത്തിലാണ് ഭേദഗതികൾ വന്നിട്ടുള്ളതെന്ന് വിലയിരുത്തുകയും സഭയിൽ അവതരിപ്പിച്ച കരട് ബില്ലിൽ താഴെ പറയുന്ന ഭേദഗതികൾ ചേർത്ത് അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡം-1

ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിൽ "2019 ആഗസ്റ്റ് 20" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം "2019 ഏപ്രിൽ 1" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

ഖണ്ഡം-2

2-ാം ഖണ്ഡത്തിലെ 2-ാം വകുപ്പ് (ആർ) ഖണ്ഡത്തിൽ "സംസ്ഥാനത്ത് നടത്തുന്ന ക്രയവിക്രയങ്ങളുടെ" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാനത്ത് വ്യാപാരി ഉപഭോക്താവിന് നടത്തുന്ന അന്തിമ വില്പനയുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം-3

പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ (i) "0.25%" എന്ന അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "0.1%" എന്ന അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(ii) "പത്ത് ലക്ഷം" എന്ന വാക്കുകൾക്ക് പകരം "ഇരുപത് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

വ്യാപാരികളിൽ നിന്ന് ഈടാക്കാവുന്ന മാക്സിമം സെസ്സിന് സീലിംഗ് വയ്ക്കണമെന്ന അഭിപ്രായമുണ്ടെന്നും വ്യാപാരികളുമായി ഒന്നുകൂടി ചർച്ച നടത്തിയശേഷം ആവശ്യമെങ്കിൽ സഭയിൽ ഔദ്യോഗിക ഭേദഗതി കൊണ്ടുവരുമെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

മിനിമം 20 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള വ്യാപാരികളെ സെസ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്നും മാക്സിമം സെസ് 15/20/25 ലക്ഷം രൂപ ആയി തീരുമാനിക്കേണ്ടി വരുമെന്നും വ്യാപാരികൾ അടയ്ക്കേണ്ട സെസ് തുകയിൽ കുറവ് വരുത്തിയെന്നുള്ളത് കോടതി മുമ്പാകെ ബോധിപ്പിച്ചാൽ കേസ് ഒഴിവാക്കാനാണ് സാധ്യതയെന്നും ബഹു. സമിതി ചെയർമാൻ വ്യക്തമാക്കി.

ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ. വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 6.00 മണിക്ക് പിരിഞ്ഞു.

**2019 നവംബർ 19-ലെ യോഗനടപടിക്കുറിപ്പ്**

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-VII, 2019 നവംബർ മാസം 19-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനം കഴിഞ്ഞ് ഉച്ചയ്ക്കുശേഷം 3.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
4. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി.
2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ജയകുമാർ. ജി., അണ്ടർ സെക്രട്ടറി.

സമിതി, സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/ പാർപ്പിട/ സുരക്ഷാ പ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ചുമുള്ള പ്രത്യേക റിപ്പോർട്ടുകളുടെ കരടുകൾ പരിഗണിക്കുകയും ഭേദഗതിയില്ലാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അഖിലേന്ത്യാ പഠന പര്യടന പരിപാടിയുടെ ടൂർ ചാർട്ടിൽ ഡൽഹി കൂടി ഉൾപ്പെടുത്തി റീഷെഡ്യൂൾ ചെയ്യണമെന്ന് സമിതി നിർദ്ദേശം നൽകി.

യോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## 20-2-2020-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII 2020 ഫെബ്രുവരി 20-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV -എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

4. ശ്രീ. പി. ഉണ്ണി, എം.എൽ.എ.

5. ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സത്യജിത്ത് രാജൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

2. ശ്രീ. പ്രണബ്ജ്യോതി നാഥ്, കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്

3. ശ്രീമതി നിഷ എസ്., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

4. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

5. ശ്രീ. ചന്ദ്രശേഖർ എസ്., ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ്

6. ശ്രീമതി എം. എസ്., ഗീതാ ദേവി, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

7. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ

8. ശ്രീ. ബ്രിജ്ലാൽ വി., ഡയറക്ടർ, (ജനറേഷൻ - ഇലക്ട്രിക്കൽ & എസ്.സി.എം.) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

9. ശ്രീ. ബിബിൻ ജോസഫ്, ഡയറക്ടർ, (ജനറേഷൻ-സിവിൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

10. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്

11. ശ്രീ. അനൂപ് കെ. എ., മാനേജിംഗ് ഡയറക്ടർ, ODEPC

12. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

13. ശ്രീ. ആർ. ഹരികുമാർ, ജോയിന്റ് ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ

14. ശ്രീ. ജോർജ് ഫ്രാൻസിസ് എം. എ., ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ്

15. ശ്രീമതി ശ്രീജ വി., ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്

16. ശ്രീ. റജി ജോൺ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

17. ശ്രീ. അജിത് കുമാർ എ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

18. ശ്രീമതി ബി. മല്ലിക, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗ്

19. ശ്രീ. അനിൽ കുമാർ വി. സി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

20. ശ്രീമതി എൻ. കെ. ചന്ദ്ര, ഡെപ്യൂട്ടി സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

സമിതി 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XXIV, XVIII, XXXIX എന്നിവ സംബന്ധിച്ച ചെലവിനങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2230-01-001-99—ഭരണവും നടത്തിപ്പും

ലേബർ കമ്മീഷണറുടെ ഓഫീസിലെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ്, ഔദ്യോഗികഭാഷാപ്രയോഗം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം, വാടക, കരം, നികുതി, മറ്റുചെലവുകൾ എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ഭരണവും നടത്തിപ്പും-വെള്ളക്കരം [05(1)] ഇനത്തിൽ 2 ലക്ഷം രൂപയും, വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 6 ലക്ഷം രൂപയും, ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും ഔദ്യോഗികഭാഷാപ്രയോഗം [26] ഇനത്തിൽ 1 ലക്ഷം രൂപയും മോട്ടോർവാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 3.51 ലക്ഷം രൂപയും, വാടക, കരം, നികുതി[06] ഇനത്തിൽ 2.3 ലക്ഷം രൂപയും, പി.ഒ.എൽ.[45] ഇനത്തിൽ 3 ലക്ഷം രൂപയും, മറ്റുചെലവുകൾ [34(3)] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 21.81 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-01-001-98—ജില്ലാ ആഫീസുകൾ

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ

ഓഫീസുകളിലെയും വാഹനങ്ങളുടെ വാടക[97] ഇനത്തിന് ശീർഷകം അനുവദിച്ച് ആയതിലേക്ക് 7.2 ലക്ഷം രൂപയും, മോട്ടോർവാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 10.20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-001-95—കേരളത്തിലെ കടകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കുമായി ഗ്രേഡിംഗ് സംവിധാനം

കേരളത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്, തൊഴിൽ ശ്രേഷ്ഠ അവാർഡ് എന്നീ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 17 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ യാത്രാബത്ത, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 10 ലക്ഷം രൂപയും ഇന്ധനം (പി.ഒ.എൽ) [45] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 11 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-102-98—തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാടക, കരം, നികുതി, മോട്ടോർവാഹനങ്ങളുടെ അറ്റകുറ്റപ്പണി, ഇന്ധനം, വിവരസാങ്കേതികവിദ്യ, എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി യാത്രാബത്ത [04(1)] ഇനത്തിൽ 2 ലക്ഷം രൂപയും, ഓഫീസ് ചെലവുകൾ [05(4)] ഇനത്തിൽ 2 ലക്ഷം രൂപയും, വാടക, കരം, നികുതി [06] ഇനത്തിൽ 2 ലക്ഷം രൂപയും, മോട്ടോർവാഹനങ്ങളുടെ അറ്റകുറ്റപ്പണി [21(2)] ഇനത്തിൽ 3 ലക്ഷം രൂപയും, പി.ഒ.എൽ. [45] ഇനത്തിൽ 2 ലക്ഷം രൂപയും, വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 50,000 രൂപയും ഉൾപ്പെടെ ആകെ 11.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2230-01-103-99—<u>പൊതുവായ തൊഴിലാളി ക്ഷേമം-ക്ഷേമകാര്യപ്രവർത്തനങ്ങൾ (ജനറൽ)</u>

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ടെലിഫോൺ ചെലവ്, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവായതിനാൽ, ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 5 ലക്ഷം രൂപയും, ഓഫീസ് ചെലവുകൾ [05(4)] ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-94-10—<u>മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ) സംഭാവന</u>

മരംകയറ്റ തൊഴിലാളികൾക്കുള്ള ധനസഹായ വിതരണത്തിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-89—<u>തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും</u>

തൊഴിൽ വകുപ്പിന്റെ ആധുനികവൽക്കരണം, ആധാർ ലിങ്ക് ചെയ്തിട്ടുള്ള ബയോ-മെട്രിക് പഞ്ചിംഗ്/തൊഴിൽ വകുപ്പ് നവീകരണം, വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കൽ, AIIS സോഫ്റ്റ്‌വെയർ പരിഷ്കരണം എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.18 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-88-10—<u>കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം-സംഭാവന</u>

കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീമിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക ലഭിക്കേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 3.6509 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-87-10—പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായത്തിനായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.9697 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-84—തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി

തൊഴിൽ വകുപ്പ് വഴി ലഭ്യമാകുന്ന പരാതി പരിഹാര സേവനം, വകുപ്പ് നടത്തിവരുന്ന പരിപാടികൾ, പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിക്കായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-79-10—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്-സംഭാവന

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക ലഭ്യമാക്കേണ്ടതുള്ളതിനാൽ, ഈ ശീർഷകത്തിൽ 3.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്-അംശദാനം

കേരള കർഷകതൊഴിലാളി ക്ഷേമബോർഡിന് 2014 മുതലുള്ള അധിവർഷ ആനുകൂല്യ കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും കൊടുത്ത് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 121 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-62-10—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസ നിധി സംഭാവന

പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് 2020-21 സാമ്പത്തിക വർഷം ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ധനസഹായം, പുനരധിവാസം എന്നിവയ്ക്കുവേണ്ടി അധികതുക ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-60—<u>അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ</u>

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായുള്ള 3 വ്യത്യസ്ത കർമ്മ പദ്ധതികൾക്കും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനുമായി 20.0114 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

തയ്യൽ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യമായ 15,000 രൂപയിൽ ഇപ്പോൾ 2,000 രൂപമാത്രമാണ് കൊടുക്കുന്നതെന്ന് നിരീക്ഷിച്ച സമിതി, ആയതിന്റെ നിലവിലെ അവസ്ഥയെക്കുറിച്ച് വകുപ്പുദ്യോഗസ്ഥരോട് ആരാഞ്ഞപ്പോൾ ക്ഷേമബോർഡിൽ നിന്നും ഒരു തൊഴിലാളിക്ക് 2,000 രൂപയാണ് നൽകുന്നതെന്നും ബാക്കി 13,000 രൂപ, ആനുകൂല്യത്തിന് അർഹരായവരുടെ ലിസ്റ്റ് കമ്മീഷണറേറ്റിൽ നിന്ന് കൊടുക്കുമ്പോൾ, കേന്ദ്ര ഫണ്ട് റിലീസ് ചെയ്യുന്ന മുറയ്ക്ക് നൽകുമെന്നും നിലവിൽ 2 വർഷത്തെ കുടിശ്ശിക കൊടുക്കുവാനുണ്ടെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. കുടിശ്ശികയെക്കുറിച്ചുള്ള യാഥാർത്ഥ സ്ഥിതി പരിശോധിച്ച് കുടിശ്ശിക തുക കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2230-01-103-59-10—<u>കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്-സംഭാവന</u>

കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക ലഭിക്കേണ്ടതുള്ളതിനാൽ 18.3025 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-33—<u>പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം</u>

പരമ്പരാഗത മേഖലയിലുള്ള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി, ക്ഷേമബോർഡ്, ഫിഷറീസ് വകുപ്പ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ഹാൻഡ് ലൂം & ടെക്സ്റ്റൈൽസ്, കയർ ഡയറക്ടറേറ്റ്, ബീഡി & സിഗാർ, ഹാൻഡ് ലൂം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ളുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയ്ക്ക് കുടിശ്ശികയായിട്ടുള്ള ധനസഹായം നൽകേണ്ടതുള്ളതിനാൽ 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-29—<u>ആം ആദ്മി ബീമാ യോജന-(50%കേന്ദ്ര സഹായം)</u>

ആം ആദ്മി ബീമായോജന, പ്രധാൻമന്ത്രി ജീവൻജ്യോതി ബീമാ യോജന, പ്രധാനമന്ത്രി സുരക്ഷാബീമാ യോജന എന്നീ പദ്ധതികൾ കൂട്ടിയോജിപ്പിച്ചിട്ടുള്ളതിനാൽ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 5.4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2230-01-103-16—<u>അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി</u>

ഇതരസംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിയായ അപ്നാഘർ പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-15—<u>നഗരങ്ങളിലെ അസംഘടിതരായ ദരിദ്ര് തൊഴിലാളികൾക്കായുള്ള ചെലവു കുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസ പദ്ധതിയും</u>

ഭവനം ഫൗണ്ടേഷൻ കേരള വിഭാവനം ചെയ്യുന്ന 400 സ്ക്വയർ ഫീറ്റ് യൂണിറ്റിൽ 2 കിടപ്പു മുറികളും ഹാളും, അടുക്കളയും ഉള്ള G+2 നിലകളോട് കൂടിയ കെട്ടിടങ്ങളുള്ള ഭവനം പദ്ധതിയുടെ പൂർത്തീകരണത്തിനായി 19.2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4250-00-201-92—<u>മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം</u>

മൂന്നാർ ലേബർ കോംപ്ലക്സ് നിർമ്മാണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കേണ്ടതുള്ളതിനാൽ 1.36 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4250-00-201-91—<u>നഗര പ്രദേശത്ത് ജോലി ചെയ്യുന്ന സ്ത്രീകൾക്കുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ്</u>

കേരളത്തിലെ നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് വാടകയ്ക്ക് നല്ല നിലവാരത്തിലുള്ളതും മാന്യവും സുരക്ഷിതവുമായ താമസസൗകര്യം ഒരു സ്റ്റുഡിയോ അപ്പാർട്ട്മെന്റിന്റെ രൂപത്തിൽ നൽകുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി

മേനംകുളത്തെ സ്റ്റുഡിയോ അപ്പാർട്ട്മെന്റിന്റെ പണി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കേണ്ടതുള്ളതിനാൽ 51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-103-10—ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് (ഒഡെപിസി) ലിമിറ്റഡ്

ഒഡെപെക്കിനായി 2020-21 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

ട്രെയിനിംഗ് ഡയറക്ടറേറ്റിന് വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 3.54 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 65,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 3.23 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 81,000 രൂപയും വൈദ്യുതി ചെലവുകൾ [05(2)] ഇനത്തിൽ 1.3 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 3.05 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 96,000 രൂപയും മറ്റ് ചെലവുകൾ- മറ്റിനം [34(3)] ഇനത്തിൽ 12 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 1.75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 34.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 25,000 രൂപയും, സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 3,000 രൂപയും, അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 8,000 രൂപയും, വെള്ളക്കരം [05(1)] ഇനത്തിൽ 11,000 രൂപയും, വൈദ്യുതചെലവുകൾ [05(2)] ഇനത്തിൽ 70,000 രൂപയും, ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 15,000 രൂപയും, ഓഫീസ് ചെലവുകൾ-മറ്റിനം [05(4)] ഇനത്തിൽ 18,000 രൂപയും ചെറുകിടമരാമത്ത് പണികൾ [17] ഇനത്തിൽ 11,000 രൂപയും

മറ്റുചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 14,000 രൂപയും ഉൾപ്പടെ ആകെ 1.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-03-003-98—<u>തൊഴിലുകളുടെ വൈവിധ്യവൽക്കരണം</u>

തൊഴിലുകളുടെ വൈവിധ്യവൽക്കരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 45,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-03-003-97—<u>കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം</u>

കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 49,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-03-101-99—<u>വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ</u>

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 29.85 ലക്ഷം രൂപയും, യാത്രാബത്ത [04(1)] ഇനത്തിൽ 226.38 ലക്ഷം രൂപയും, സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 2.2 ലക്ഷം രൂപയും, അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 4.4 ലക്ഷം രൂപയും, ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 8.23 ലക്ഷം രൂപയും, ഓഫീസ് ചെലവുകൾ-മറ്റിനം [05(4)] ഇനത്തിൽ 8.5 ലക്ഷം രൂപയും, വാടക, കരം, നികുതി [06] ഇനത്തിൽ 2 ലക്ഷം രൂപയും, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 100 ലക്ഷം രൂപയും, ചെറുകിടമരാമത്ത് പണികൾ [17] ഇനത്തിൽ 175 ലക്ഷം രൂപയും, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] ഇനത്തിൽ 74 ലക്ഷം രൂപയും, വെള്ളക്കരം [34(1)] ഇനത്തിൽ 10 ലക്ഷം രൂപയും, വൈദ്യുതചെലവുകൾ [34(2)] ഇനത്തിൽ 35.20 ലക്ഷം രൂപയും, മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 213.75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 889.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-03-101-96—<u>വനിത വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം</u>

തിരുവനന്തപുരത്തുള്ള വനിതാ ഐ.ടി.ഐ-യുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 85,000 രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 2.65 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 43,000 രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 31,000 രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 5,000 രൂപയും ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ [05(4)] ഇനത്തിൽ 14,000 രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 4 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 10,000 രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 2.3 ലക്ഷം രൂപയും മറ്റ് ചെലവുകൾ [34(3)] ഇനത്തിൽ3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 13.83 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-87—<u>ഐ.ടി.ഐ. കളുടെ നവീകരണം</u>

ഐ.ടി.ഐ-കളിലെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മറ്റ് ചെലവുകൾ [34] ഇനത്തിൽ 371.64 ലക്ഷം രൂപയും ചെറുകിട മരാമത്തു പണികൾ [17] ഇനത്തിൽ 128.36 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-76—<u>വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം</u>

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്, കളമശ്ശേരി എന്ന സ്ഥാപനത്തിന് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1.92 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1.24 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 28,000 രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 33,000 രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 17,000 രൂപയും ഓഫീസ് ചെലവുകൾ മറ്റിനം [05(4)] ഇനത്തിൽ 10,000 രൂപയും ചെറുകിട മരാമത്തു പണികൾ [17] ഇനത്തിൽ 1.99 ലക്ഷം രൂപയും മറ്റ് ചെലവുകൾ മറ്റിനം [34(3)] ഇനത്തിൽ 3.18 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 9.21 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-74—<u>വനിതാ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കൽ)</u>

തൊഴിൽ പരിശീലനത്തിലെ ലിംഗവിവേചനം ലഘൂകരിക്കാൻ ഉദ്ദേശിച്ച് സ്ഥാപിക്കുന്ന വനിതാ ഐ.ടി.ഐ.കളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1.9 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 2.22 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 20,000 രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 39,000 രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 36,000 രൂപയും ഓഫീസ് ചെലവുകൾ- മറ്റിനം [05(4)] ഇനത്തിൽ 30,000 രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 35,000 രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 39,000 രൂപയും മറ്റുചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 60,000 രൂപയും ഉൾപ്പെടെ ആകെ 6.71 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-73—<u>ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.കൾ ശക്തിപ്പെടുത്തൽ</u>

ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം, കാസർഗോഡ് ജില്ലയിലെ കറ്റിക്കോൽ, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ. കൾക്കുള്ള കെട്ടിട നിർമ്മാണം, ഉപകരണ സംഭരണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-70—<u>ഐ.ടി.ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി</u>

ഐ.ടി.ഐ. ട്രെയിനികൾക്ക് നിലവിലുള്ള പോഷകാഹാര പദ്ധതി തുടരുന്നതിനും ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഐ. ടി. ഐ.കൾക്കും പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ.യ്ക്കും ടി പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.8 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-68—<u>പരസ്യം/പബ്ലിസിറ്റി</u>

തൊഴിൽ സാധ്യതകൾ ഏറ്റവും കൂടുതൽ ഉപയുക്തമാക്കുന്നതിനും തൊഴിലില്ലായ്മ നിർമ്മാർജ്ജനം ചെയ്യുന്നിനുമായി തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ, സാധ്യതകൾ, ഗുണങ്ങൾ എന്നിവയെക്കുറിച്ച് മാധ്യമങ്ങളിലൂടെ പൊതുജന ശ്രദ്ധ കിട്ടുന്ന തരത്തിൽ വലിയ തോതിലുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും തൊഴിൽ പരിശീലന

അവബോധം സൃഷ്ടിക്കുന്നതിനുമായി തൊഴിൽ മേളകൾ, നൈപുണ്യ വൈദഗ്ധ്യമേളകൾ എന്നിവ സംഘടിപ്പിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു.

2230-03-101-65-01—<u>സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ കേരള</u>

കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനും നടപ്പാക്കുന്നതിനും രൂപീകരിച്ച ദേശീയ നൈപുണ്യ വികാസ യജ്ഞം (NSDM) ത്തിനോടനുബന്ധിച്ച് സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO)-ന്റെ ഭാഗമായി, സംസ്ഥാന സർക്കാർ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE)-നെ നോഡൽ ഏജൻസിയായി പരിഗണിച്ചുകൊണ്ട് നൈപുണ്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതമായി 2020-21 വർഷത്തിൽ അനുവദിച്ച തുക ടി പദ്ധതിക്ക് അപര്യാപ്തമായതിനാൽ 77 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-61—<u>വിദേശ രാജ്യങ്ങളിലേയ്ക്ക് സാങ്കേതിക കൈമാറ്റ പരിപാടി</u>

2020-21 സാമ്പത്തിക വർഷം സർക്കാർ ഐ.ടി.ഐ.കളിലെ വിവിധ ട്രേഡുകളിലെ 100 മികച്ച ട്രെയിനികൾക്ക് വിദേശരാജ്യത്ത് 4 ആഴ്ചത്തെ പരിശീലനം നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-58—<u>ഗ്രീൻ കാമ്പസ്</u>

വകുപ്പിനുകീഴിലെ തെരഞ്ഞെടുത്ത 14 ഐ.ടി.ഐ.കളിൽ കേരള സംസ്ഥാന ഹരിത കേരള മിഷന്റെ സഹകരണത്തോടെ സൗരോർജ്ജ പ്ലാന്റ്, വിന്റ് മിൽ, മഴവെള്ള സംഭരണികൾ, ബയോഗ്യാസ് പ്ലാന്റുകൾ, ബയോ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കി ഐ.ടി.ഐ.കളെ ഹരിത ക്യാമ്പസുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷവും നടപ്പിലാക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-56—നൈപുണ്യ കർമ്മസേന

2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ സംഭവിച്ച ഇലക്ട്രിക്കൽ, പ്ലംബിംഗ്, കാർപ്പന്ററി വിഭാഗത്തിലുള്ള കേടുപാടുകൾ പരിഹരിക്കുന്നതിന് വകുപ്പിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെയും ട്രെയിനികളെയും കൂട്ടിച്ചേർത്ത് രൂപീകരിച്ച നൈപുണ്യ കർമ്മസേനയെ ഒരു സ്ഥിരം സംവിധാനമാക്കി മാറ്റി സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഇലക്ട്രിക്കൽ, വയറിംഗ്, പ്ലംമ്പിഗ്, കാർപെന്ററി, വെൽഡിംങ് തുടങ്ങിയ മേഖലകളിൽ സൗജന്യ സേവനം ലഭ്യമാക്കാനും ജില്ലാതല സമിതികൾ രൂപീകരിക്കാനും സംസ്ഥാന സർക്കാരിന്റെ 4 മിഷനുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നുവെന്ന് സമിതി നിരീക്ഷിച്ചു. നൈപുണ്യകർമ്മസേനയിൽ അംഗങ്ങളാകുന്നവർക്ക് യൂണിഫോം, ടൂൾകിറ്റ്, യാത്രാപ്പടി, മറ്റടിയന്തരാവശ്യങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

ദേശീയ തൊഴിലഭ്യസന സെന്ററുകളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 9.55 ലക്ഷം രൂപയും, യാത്രാബത്ത [04(1)] ഇനത്തിൽ 4.5 ലക്ഷം രൂപയും, സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 24,000 രൂപയും, അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 61,000 രൂപയും, വെള്ളക്കരം [05(1)] ഇനത്തിൽ 26,000 രൂപയും, വൈദ്യുതിചെലവുകൾ [05(2)] ഇനത്തിൽ 1.3 ലക്ഷം രൂപയും, ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 30,000 രൂപയും, ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ [05(4)] ഇനത്തിൽ 50,000 രൂപയും, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 5.5 ലക്ഷം രൂപയും, ചെറുകിടമരാമത്ത് പണികൾ [17] ഇനത്തിൽ 2 ലക്ഷം രൂപയും, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] ഇനത്തിൽ 5.3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 30.06 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-02-001-99 :—ഭരണവും നടത്തിപ്പും

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനായി യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും, അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 2 ലക്ഷം രൂപയും, വൈദ്യുതചെലവ് [05(2)] ഇനത്തിൽ 5 ലക്ഷം രൂപയും, ഓഫീസ്

ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 10 ലക്ഷം രൂപയും, വാടക, കരം, നികുതി (06) ഇനത്തിൽ 30 ലക്ഷം രൂപയും, വാഹനങ്ങളുടെ വാടക [97] ഇനത്തിൽ 3 ലക്ഷം രൂപയും, വിവര സാങ്കേതിക വിദ്യ [99] ഇനത്തിൽ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-101-98—തൊഴിലില്ലാത്തവർക്ക സഹായം നൽകാനുള്ള പദ്ധതിയും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലില്ലാത്തവർക്കുവേണ്ടി കേരള സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയും

തൊഴിലില്ലായ്മ വേതനം/സ്വയം തൊഴിൽ പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ച സ്റ്റാഫിന്റെ ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവ് എന്നിവയും, കെസ്റു 99 എന്ന സ്വയംതൊഴിൽ സഹായ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ധനകാര്യസ്ഥാപനങ്ങൾ അനുവദിക്കുന്ന വായ്പത്തുകയുടെ 20% സബ്സിഡിയായി നൽകുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മറ്റുചെലവുകൾ - മറ്റിനം [34(3)] ഇനത്തിൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-101-97—ഭിന്നശേഷിവിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

തിരുവനന്തപുരം ആസ്ഥാനമാക്കി ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കുള്ള സേവനം നൽകുന്നതിനായി നിലവിൽ വന്ന ഭിന്നശേഷിക്കാർക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ഓഫീസ്ചെലവ്, കെട്ടിട വാടക എന്നീ ഇനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ യാത്രാബത്ത (04(1)) ഇനത്തിൽ 10,000 രൂപയും, സ്ഥലംമാറ്റബത്ത (04(2)) ഇനത്തിൽ 8,000 രൂപയും അവധി യാത്രാനുകൂല്യം (04(4)) ഇനത്തിൽ 40,000 രൂപയും ഉൾപ്പെടെ ആകെ 58,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു.

2230-02-101-93-33—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമപ്രവർത്തനവും (കൈവല്യ)-സബ്സിഡികൾ.

കൈവല്യ പദ്ധതിയിലൂടെ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സബ്സിഡി നൽകുന്നതിനും, ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും മറ്റു ചെലവുകൾക്കുമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.3075 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-02-101-92—<u>മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികളെ അവരുടെ അഭിരുചിക്കനുസരിച്ചും സമ്മത പ്രകാരവും വ്യത്യസ്തങ്ങളായ ഗ്രൂപ്പുകളായി തിരിച്ച് ബാങ്കുകൾ വഴി ലോൺ സൗകര്യം ഏർപ്പെടുത്തി, വകുപ്പിൽ വകയിരുത്തിയിട്ടുള്ള തുക സബ്സിഡിയായി നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 62 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-02-101-91-33—<u>രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയം തൊഴിൽ പദ്ധതി - (ശരണ്യ)-സബ്സിഡികൾ</u>

ശരണ്യ പദ്ധതി പ്രകാരം സംരംഭകത്വ പരിശീലനം ലഭിച്ചവർക്ക് സബ്സിഡി വിതരണം ചെയ്യുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-02-101-89—<u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ</u>

ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മറ്റ് ചെലവുകൾ - മറ്റിനം [34(3)] ഇനത്തിൽ 3 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

6250-60-800-97—കൈവല്യ പദ്ധതിയുടെ കീഴിലെ വായ്പകൾ

കൈവല്യ പദ്ധതിയിലൂടെ പുതിയ വായ്പകൾ നൽകുന്നതിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 14.3075 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

6250-60-800-96—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയം തൊഴിൽ പദ്ധതി - (ശരണ്യ)

ശരണ്യ പദ്ധതിയിലൂടെ പുതിയ വായ്പകൾ നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 45 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-102-99—വ്യവസായശാല ഡയറക്ടറാഫീസ്

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി യാത്രാബത്ത [04(1)], വാടക, കരം, നികുതി [06], മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] പി.ഒ.എൽ. [45] എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 14.76 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും

ഈ ശീർഷകത്തിൽ പി.ഒ.എൽ. [45] വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] യാത്രാബത്ത [04(1)] ഓഫീസ് ചെലവിനങ്ങൾ [05] എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11.79 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-03-101-66-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് സഹായധനം - ശമ്പളേതരം

'KILE CAMPUS' എന്ന പേരിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കും, കിലെയുടെ ഒരു റീജിയണൽ സെന്റർ കോഴിക്കോട് ആരംഭിക്കുന്നതിനും, പരമ്പരാഗത വ്യവസായങ്ങളിലെ

തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ കം സ്റ്റഡി ടൂർ സംഘടിപ്പിക്കുന്നതിനും നിലവിലുള്ള മറ്റ് പ്രവർത്തനങ്ങൾക്കും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-03-101-66-31—<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് സഹായധനം - ശമ്പളം</u>

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 17.6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-101-95—<u>വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്</u>

വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട് എന്ന സ്ഥാപനത്തിന് വാടക, കരം, നികുതി [06] ഇനത്തിൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-101-94 —<u>വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം</u>

വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം എന്ന സ്ഥാപനത്തിന് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും, യാത്രാബത്ത[04(1)] ഇനത്തിൽ 1.63 ലക്ഷം രൂപയും വൈദ്യുതിചെലവ് ഇനത്തിൽ [05(2)] ഇനത്തിൽ 12,000 രൂപയും, ഓഫീസ്ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 44,000 രൂപയും, വാടക, കരം, നികുതി [06] ഇനത്തിൽ 10,000 രൂപയും ഉൾപ്പെടെ ആകെ 3.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-101-93—<u>തൊഴിൽ കോടതി, കൊല്ലം</u>

തൊഴിൽകോടതി, കൊല്ലം എന്ന സ്ഥാപനത്തിന് ബയോമെട്രിക് പഞ്ചിംഗ് മെഷീൻ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനായി വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 85,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-101-92—<u>തൊഴിൽ കോടതി, കോഴിക്കോട്</u>

തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിന് ശമ്പളം [01(1)] ഇനത്തിൽ 18.01 ലക്ഷം രൂപയും, ക്ഷാമബത്ത [01(2)] ഇനത്തിൽ 16.66 ലക്ഷം രൂപയും, വീട്ടുവാടക അലവൻസ് [01(3)] ഇനത്തിൽ 3.86 ലക്ഷം രൂപയും, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1.91 ലക്ഷം രൂപയും, മറ്റ് അലവൻസുകൾ [01(5)] ഇനത്തിൽ 1.28 ലക്ഷം രൂപയും, വേതനം [02(1)] ഇനത്തിൽ 92,000 രൂപയും, വേതനം - ക്ഷാമബത്ത [02(2)] ഇനത്തിൽ 52,000 രൂപയും, വേതനം-മറ്റ് അലവൻസുകൾ [02(3)] ഇനത്തിൽ 4,000 രൂപയും, യാത്രബത്ത [04(1)] ഇനത്തിൽ 1.23 ലക്ഷം രൂപയും, സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 1.30 ലക്ഷം രൂപയും ഓഫീസ്ചെലവുകൾ- മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1.15 ലക്ഷം രൂപയും വാടക, കരം, നികുതി [06] ഇനത്തിൽ 42,000 രൂപയും ഉൾപ്പെടെ ആകെ 47.3 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-101-91—<u>തൊഴിൽ കോടതി, എറണാകുളം</u>

തൊഴിൽ കോടതി, എറണാകുളം എന്ന സ്ഥാപനത്തിന് ഓഫീസ്ചെലവുകൾ [05] ഇനത്തിൽ 10,000 രൂപയും, വാടക, കരം, നികുതി [06] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-101-89—<u>ലേബർ കോടതി, കണ്ണൂർ</u>

ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് വാടക, കരം, നികുതി [06] ഇനത്തിൽ 24,000 രൂപയും, പി.ഒ.എൽ. [45] ഇനത്തിൽ 13,000 രൂപയും ഉൾപ്പെടെ ആകെ 37,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-101-86—<u>വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി</u>

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി എന്ന സ്ഥാപനത്തിന് ദിവസവേതനം [02(5)] ഇനത്തിൽ 2.44 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1.12 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 10,000 രൂപയും ഓഫീസ് ചെലവുകൾ - മറ്റിനം [05(4)] ഇനത്തിൽ 1.30 ലക്ഷം രൂപയും മോട്ടോർവാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 21,000 രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 1.66 ലക്ഷം രൂപയും വിവരസാങ്കേതിക വിദ്യ [99] ഇനത്തിൽ 4.73 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 11.56 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2230-01-101-79—<u>വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ</u>

വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് ദിവസവേതനം [02(5)] ഇനത്തിൽ 2.75 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2) ഇനത്തിൽ 19,000 രൂപയും ഉൾപ്പെടെ ആകെ 2.94 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4202-02-800-95—<u>ഐ.ടി.ഐ. കെട്ടിടങ്ങൾ-മരാമത്തു പണികൾ</u>

വ്യാവസായിക പരിശീലന വകുപ്പിൽ പുതുതായി അനുവദിക്കുന്ന ഐ.ടി.ഐ. കൾക്കും സ്വന്തമായി ഭൂമിയുള്ള ഐ.ടി.ഐ.കൾക്കും ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ള ഐ.ടി.ഐ.കൾക്ക് ആവശ്യമായ പുതിയ കെട്ടിട നിർമ്മാണം, ക്ലാസ് റൂം, വർക്ക്ഷോപ്പ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനീസ് ഹോസ്റ്റൽ തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2210-01-102-99—<u>ഭരണവിഭാഗം</u>

ഇന്ധനവില വർദ്ധിക്കുന്ന സാഹചര്യത്തിൽ 2020-21-ൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പി.ഒ.എൽ. [45] ഇനത്തിൽ 1.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2210-01-102-98—<u>ഡിസ്പെൻസറികൾ</u>

ഡിസ്പെൻസറികളിൽ 2020-21 സാമ്പത്തിക വർഷത്തിൽ ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 11 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2.46 ലക്ഷം രൂപയും സാധന സാമഗ്രികൾ [24] ഇനത്തിൽ 5 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 10 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 31.46 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2210-01-102-96—ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2020-21 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിംഗ്സും [01] ഇനത്തിൽ 14 കോടി രൂപയും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ [03] ഇനത്തിൽ 3 കോടി രൂപയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [04] ഇനത്തിൽ 2 കോടി രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 6 കോടി രൂപയും വൈദ്യസുരക്ഷ നൽകുന്നതിനുവേണ്ടിയുള്ള ചെലവ് [12] ഇനത്തിൽ 6 കോടി രൂപയും ഉൾപ്പെടെ ആകെ 31 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2801-80-101-99—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-സബ്സിഡികൾ.

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും, കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2020-21 വർഷത്തിൽ തുടരുന്നതിന് 768.24 കോടി രൂപയും, 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ്.അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2020-21-ൽ തുടരുന്നതിന് 80 ലക്ഷം രൂപയും ഉൾപ്പെടെ 769.04 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2801-80-101-92:—കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായത്തിന് 2017-18-ലും, 2018-19 ലും, 2019-20-ലുമായി ലഭിക്കേണ്ട ആകെ 488.87 കോടി രൂപയിൽ 104.80 കോടി രൂപയുടെ ബജറ്റ് വിഹിതം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്നതിനാലും 2020-21-ൽ ലഭിക്കേണ്ട ബാക്കി തുകയായ 84.07 കോടി രൂപ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ആയത് കൂടി ഉൾപ്പെടുത്തി ഈ ശീർഷകത്തിൽ 468.14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2801-80-101-91—<u>നവീകരണ നിധി (ഊർജ്ജ സമ്പാദന ഏകോപനസമിതി)</u>

2020-21 സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 23.20 കോടി രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സ്മാർട്ട് മീറ്റർ സംവിധാനം നടപ്പാക്കുന്നതിനും, സൗര പദ്ധതിയുടെ ഭാഗമായി സർക്കാർ കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26.54 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2801-80-101-85—<u>ട്രാൻസ് ഗ്രിഡ്-2.0</u>

വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ പൂർത്തീകരണത്തിന് 2019-20-ൽ തുക ലഭിച്ചിട്ടില്ലാത്തതിനാൽ KIIFB/PSDF വഴി ലഭിക്കാവുന്ന തുകയ്ക്ക് പുറമെ ടെൻഡർ എക്സസ് ഇനത്തിൽ ആവശ്യമായ 239.88 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2801-80-101-83—<u>ഇടമൺ-കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനുവേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ്</u>

2015-ലെ G.O.(MS)No.29/2015/PD dated, Thiruvananthapuram, 30-7-2015 ഉത്തരവ് വഴി പ്രഖ്യാപിച്ച നഷ്ടപരിഹാര പാക്കേജ് അടിസ്ഥാനമാക്കി പണി പുനരാരംഭിച്ച ഇടമൺ-കൊച്ചി 400 കെ.വി. ട്രാൻസ്മിഷൻലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരത്തിൽ ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട തുകയായ 128 കോടി രൂപയിൽ 3 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 125.02 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുനഃസ്ഥാപിച്ച് താഴെപ്പറയുംപ്രകാരം തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരണത്തിന് സംസ്ഥാന വിഹിതം-(പഴയ ശീർഷകം 4801-80-101-99-മുട്ടത്തറ സബ്സ്റ്റേഷൻ) പ്ലാൻ ആയി 41.63 കോടി രൂപ.

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-87) പ്ലാൻ ആയി 48.30 കോടി രൂപ.

സംയോജിത ഊർജ്ജവികസന പദ്ധതി (ഐ.പി.ഡി.എസ്സ്) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-86) പ്ലാൻ ആയി 59.21 കോടി രൂപ.

RGGVY-സംസ്ഥാന വിഹിതം പഴയശീർഷകം (2801-80-101-90) പ്ലാൻ ആയി 2.44 കോടി രൂപ.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

കോഴിക്കോട് ജില്ലയിലെ ഇരുവഞ്ഞിപ്പുഴ റിവർ ബേസിനിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പവർ ഇവാക്വേഷൻ പദ്ധതിയുടെ ഭാഗമായ നെല്ലിപ്പൊയിൽ (നാരങ്ങാത്തോട്) ഒരു 33/110KV 2X50 MVA പൂളിംഗ് സ്റ്റേഷന്റെ നിർമ്മാണം, തമ്പലമണ്ണയിൽ നിന്നും നെല്ലിപ്പൊയിലിലേക്ക് 11 കി.മീ. 110 കെ.വി. സിംഗിൾ സർക്യൂട്ട് സ്ഥാപിക്കൽ, നെല്ലിപ്പൊയിൽ പൂളിംഗ് സ്റ്റേഷനിലേക്ക് 33 കെ.വി. ഭൂഗർഭ കേബിൾ/ഓവർലോഡ് ലൈൻവഴി ചെറുകിട പദ്ധതികളെ ബന്ധിപ്പിക്കൽ എന്നിവയ്ക്ക് നാളിതുവരെയും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുതിയ ശീർഷകം അനുവദിച്ച് 63.77 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2810-00-800-93—<u>എനർജി മാനേജ് മെന്റ് സെന്റർ ധനസഹായം</u>

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ, സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.4147 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2810-00-800-99—<u>ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട് ധനസഹായം )</u>

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ശമ്പളം, ശമ്പളകുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണചെലവുകൾക്കായി കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട് ധനസഹായം) [2810-00-800-99] ശീർഷകത്തിൽ 7.1275 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

സമിതിയോഗം രാവിലെ 11.50-ന് പിരിഞ്ഞു.

## 26-2-2020-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII 2020 ഫെബ്രുവരി 26-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ TV,-എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം. മണിയും സന്നിഹിതനായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
3. ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.
4. ശ്രീ. പി. ഉണ്ണി, എം.എൽ.എ.
5. ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

സമിതി 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ 1 മുതൽ 78 വരെയുള്ള ശിപാർശകൾ ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2020 ഏപ്രിൽ 21-നും 30-നുമിടയിൽ നടത്തുവാൻ കഴിയുന്ന രീതിയിൽ സമിതിയുടെ അഖിലേന്ത്യാ പഠന പര്യടന പരിപാടിയുടെ കരട് തയ്യാറാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 13-3-2020-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII 2020 മാർച്ച് മാസം 13-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 -ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. എം. എം. മണിയും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
2. ശ്രീ. കെ. ദാസൻ, എം.എൽ.എ.
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി നിഷ എസ്., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
3. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി ഇന്ദുലേഖ പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ഡോ. ആർ. ഇ. ഗ്ലാസ്റ്റിൻ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ-സർവ്വീസസ്
6. ശ്രീ. ചന്ദ്രശേഖർ എസ്., ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ്-എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ്
7. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്
8. ശ്രീമതി ശ്രീജ വി., ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്

9. ശ്രീ. ജി. ഗോപീകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

10. ശ്രീ. മാധവൻ പി. കെ., അഡീഷണൽ ഡയറക്ടർ, ഇൻഡസ്ട്രിയൽ-ട്രെയിനിംഗ് ഡയറക്ടറേറ്റ്

11. ശ്രീ. രഞ്ജിത്ത് ഡി. എം., അഡീഷണൽ ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്

12. ശ്രീ. കെ. ശ്രീലാൽ, അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ലേബർ കമ്മീഷണറേറ്റ്

13. ശ്രീ. സുരേഷ് എം. ജി., ജോയിന്റ് ലേബർ കമ്മീഷണർ (പേഴ്സണൽ), ലേബർ കമ്മീഷണറേറ്റ്

14. ശ്രീ. ബ്രിജ്ലാൽ വി., ഡയറക്ടർ, (ജനറേഷൻ-ഇലക്ട്രിക്കൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

15. ശ്രീ. ജോർജ് ഫ്രാൻസിസ് എം. എ., ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ്-എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ്

16. ശ്രീ. അനൂപ് കെ. എ., മാനേജിംഗ് ഡയറക്ടർ, ODEPC

സമിതി, സാധൂകരണത്തിനുള്ള എസ്.ആർ.ഒ., വിവിധ കാലയളവുകളിലുള്ള റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ, സമിതിക്ക് സമർപ്പിക്കാനുള്ള കാലതാമസപത്രികകൾ, ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

**I. സാധൂകരണത്തിനുള്ള SRO**

1992-ലെ കേരള ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ മോട്ടോർ ഡ്രൈവർ തസ്തിക കൂടി ഉൾപ്പെടുത്തി പുറപ്പെടുവിച്ച ഭേദഗതി ചട്ടങ്ങൾ

(ഫയൽ നമ്പർ 949/സബ്.സി.സി1/2019/നി.സെ.)

കേരള ഗസറ്റിലെ RULES എന്ന തലക്കെട്ടിൽ "6 Motor Driver in Mechanic Motor Vehicle trade" എന്നതിൻകീഴിൽ മൂന്നാമത്തെ പേജിൽ (iii) ആയി കൊടുത്തിട്ടുള്ള "The candidate must possess the Medical standard specified in the Schedule appended to this section" എന്നതിലെ 'section' എന്ന വാക്കിനുപകരം 'Rule' എന്നാക്കണമെന്ന് നിയമവകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

ഇപ്പോൾ SRO സാധൂകരണത്തിനുവേണ്ടിയാണ് കൊണ്ടുവന്നിരിക്കുന്നതെന്നും നിയമവകുപ്പിന്റെ നിർദ്ദേശങ്ങൾ ടി റൂൾ വീണ്ടും ഭേദഗതി ചെയ്യുന്ന സമയത്ത് മേൽ നിർദ്ദേശം കൂടി ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു. പ്രസ്തുത എസ്.ആർ.ഒ. സമിതി സാധൂകരിച്ചു.

**II. സമിതിയുടെ വിവിധ കാലയളവുകളിലുള്ള റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ.**

1. <u>2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4802/സബ്.സി.സി1/16/നി.സെ.)

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 42,43 എന്നിവ സംബന്ധിച്ച അധിക വിവരത്തിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 32, 40 എന്നിവ സംബന്ധിച്ച കാലതാമസപത്രിക സഹിതമുള്ള നടപടി സ്റ്റേറ്റ്മെന്റ് താഴെപ്പറയുന്ന ചർച്ചകൾക്ക ശേഷം സമിതി അംഗീകരിച്ചു. ഖണ്ഡിക 32 സംബന്ധിച്ച മറുപടിയിൽ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ അംശദായമായി അനുവദിക്കുവാനുള്ള തുക നേരത്തെ കൊടുത്ത പെൻഷൻ തുകയിൽ ക്രമീകരിക്കണമെന്ന് പറഞ്ഞിരിക്കുന്നത് ശരിയല്ല എന്നും ഇക്കാര്യം തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ ചർച്ചചെയ്യേണ്ടതാണെന്നും സമിതി ചൂണ്ടിക്കാണിച്ചു.

തയ്യൽത്തൊഴിലാളികൾ, ചെറുകിട തോട്ടം തൊഴിലാളികൾ എന്നിവർ ഉൾപ്പെടെയുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ട പ്രസവാനുകൂല്യം കുടിശ്ശികയാണെന്നും ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്ന ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമനിധി അംശദായത്തിലെ ഗവൺമെന്റ് വിഹിതം അവർക്കായി നൽകിയ പെൻഷൻ വിഹിതത്തിൽ ക്രമീകരിക്കണമെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിൽ മാറ്റം വരേണ്ടതുണ്ടെന്നും പ്രസ്തുത ആനുകൂല്യവും പെൻഷനും തമ്മിൽ ബന്ധപ്പെടുത്തുന്നത് ശരിയല്ലെന്നും സമിതി വിലയിരുത്തി. പെൻഷൻ നൽകുന്നത് സർക്കാരായതിനാൽ കൂടുതൽ ബാദ്ധ്യത വഹിക്കാൻ കഴിയില്ലെന്നാണ് നിലവിലുള്ള സാമ്പത്തിക സ്ഥിതിവച്ച് ധനകാര്യവകുപ്പ് വാദിക്കുന്നതെന്നും കേന്ദ്ര ഗവൺമെന്റ് അർഹതപ്പെട്ട വിഹിതം സംസ്ഥാനത്തിന് നൽകാതിരിക്കുകയും കടമെടുക്കാൻ സമ്മതിക്കാതിരിക്കുകയും നികുതി വിഹിതം നൽകുന്ന കാര്യത്തിൽ വളരെ കർക്കശമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ

പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമമാണ് സംസ്ഥാന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും ധനകാര്യ പ്രതിസന്ധി നിലനിൽക്കുന്നതുകൊണ്ടാണ് പെൻഷൻ തുകയും മറ്റ് ബാധ്യതകളും വഹിക്കാൻ കഴിയില്ലെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുന്നതെന്നും സമിതി വിലയിരുത്തുകയും ചെയ്തു. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി അംശദായം ഗവൺമെന്റ് തന്നെ വഹിക്കണമെന്നും പെൻഷനിൽ ക്രമീകരിക്കരുതെന്നുമാണ് സമിതിയുടെ നിലപാടെന്നും ഇത്തരത്തിലുള്ള ക്ഷേമപദ്ധതികളുടെ വിഹിതം, പെൻഷൻവിഹിതം, മറ്റാനുകൂല്യങ്ങൾ തുടങ്ങി വ്യത്യസ്ത മേഖലകളിൽ തീരുമാനിക്കപ്പെടുന്ന തുക കേന്ദ്രത്തിൽനിന്നും ലഭ്യമാകുന്നില്ലെന്നുള്ള പ്രശ്നം ഗൗരവമായിക്കണ്ട് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി പ്രസ്തുത നിലപാട് മാറ്റിയെടുക്കേണ്ടതുണ്ടെന്നും ക്ഷേമനിധി അംശദായം പെൻഷനിൽ ക്രമീകരിക്കരുതെന്നും ടി തുക സർക്കാർ പ്രത്യേകം നൽകണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ആശ്വാസനിധി പദ്ധതിയിലും ഇതേ നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്നും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് നൽകിയിട്ടും ധനകാര്യവകുപ്പ് അത് പെൻഡിംഗിൽ വച്ചിരിക്കുകയാണെന്നും സമിതിയംഗം ചൂണ്ടിക്കാണിച്ചു.

വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്ന അഭ്യർത്ഥനയും സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയും അനുസരിച്ച് സമിതി ശിപാർശയിന്മേൽ അധിക തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണെന്ന മറുപടിയാണ് ധനകാര്യവകുപ്പ് നൽകിയിട്ടുള്ളതെന്നും പ്ലാന്റേഷൻ റിലീഫ് ഫണ്ട് ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശക്തമായി ഇടപെടണമെന്നും ആവശ്യമായ തുക ലഭ്യമാക്കുന്നതിനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നും ബഹു. സമിതി ചെയർമാൻ നിർദ്ദേശിച്ചപ്പോൾ നടപടി സ്വീകരിക്കാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ സമിതിക്ക് ഉറപ്പുനൽകി.

ഖണ്ഡിക 40 സംബന്ധിച്ച മറുപടി പരിഗണിക്കവേ അസംഘടിത മേഖലയിലെ സ്ത്രീത്തൊഴിലാളികളുള്ള പ്രസവാനുകൂല്യം ഏത് ഫണ്ടിൽനിന്നാണ് നൽകുന്നതെന്ന് സമിതി ആരാഞ്ഞപ്പോൾ സംസ്ഥാന സർക്കാർ തുക റിലീസ് ചെയ്തതിനുശേഷം റീ-ഇമ്പേഴ്സ്മെന്റിന് വേണ്ടി കേന്ദ്രഗവൺമെന്റിലേയ്ക്ക് റിക്വസ്റ്റ് ചെയ്ത് തുക വാങ്ങുകയാണ് ചെയ്യുന്നതെന്ന് ലേബർ കമ്മീഷണറേറ്റ് ഉദ്യോഗസ്ഥർ അറിയിച്ചു.

2. <u>2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 2051/സബ്.സി.സി1/18/നി.സെ.)

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 10-ലെ അധിക വിവരത്തിനുള്ള മറുപടി സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ചർച്ചകൾക്കു ശേഷം അംഗീകരിക്കുകയും ചെയ്തു. തയ്യൽത്തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യമായി ക്ഷേമനിധി ബോർഡ് 2000 രൂപ മാത്രമാണ് നൽകുന്നതെന്നും സംസ്ഥാന സർക്കാർ നൽകേണ്ട 13,000 രൂപ നൽകുന്നില്ലെന്നും സമിതി നിരീക്ഷിച്ചു. സംസ്ഥാന സർക്കാർ ടി ആനുകൂല്യം നൽകിയതിനുശേഷം ഇത്ര തുക ചെലവഴിച്ചു എന്നുകാണിച്ച് കേന്ദ്രത്തിലേയ്ക്ക് റീഫണ്ടിനുവേണ്ടി അപേക്ഷ നൽകുകയാണ് ചെയ്യേണ്ടതെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2014 ഏപ്രിൽ വരെ മാത്രമേ ആനുകൂല്യം നൽകുവാൻ സാധിച്ചിട്ടുള്ളുവെന്നും തൊഴിൽ വകുപ്പിൽ അതിനുള്ള പണമില്ലാത്തതുകൊണ്ട് ടി ആനുകൂല്യം നൽകുവാൻ സാധിക്കുന്നില്ലെന്നും കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി രണ്ടരക്കോടി രൂപ വീതംമാത്രമാണ് ഈ ആവശ്യത്തിനായി ധനകാര്യ വകുപ്പ് വകയിരുത്തിയിട്ടുള്ളതെന്നും പ്രസ്തുത തുക തികച്ചും അപര്യാപ്തമാണെന്നും ലേബർ കമ്മീഷണറേറ്റ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമപദ്ധതി, തയ്യൽത്തൊഴിലാളി ക്ഷേമപദ്ധതി, പ്ലാന്റേഷൻ തൊഴിലാളികളുടെ ആശ്വാസനിധി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം എന്നിവയ്ക്ക് സബ്ജക്റ്റ് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള തുക നൽകാൻ സാധിക്കില്ലെന്ന ധനകാര്യ വകുപ്പിന്റെ റിപ്പോർട്ട് അംഗീകരിക്കുകയാണെങ്കിൽ ഭാവിയിൽ ക്ഷേമനിധിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാതെ വരുമെന്ന് സമിതിയംഗം അഭിപ്രായപ്പെട്ടു. ഇടുക്കി ജില്ലയിലെ 'ബഥേൽ പ്ലാന്റേഷനിൽ' ഇപ്പോൾ സമരം നടന്നുകൊണ്ടിരിക്കുകയാണെന്നും നിലവിൽ നാല് എസ്റ്റേറ്റുകൾ പൂട്ടികിടക്കുകയും ആറെണ്ണം അടച്ചുപൂട്ടലിന്റെ വക്കിലാണെന്നും കേരളത്തിലാകെ സമാനസ്ഥിതി യാണുള്ളതെന്നും ആശ്വാസനിധി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള ഫണ്ട് ലഭിക്കാതെ സ്ഥിതിഗതികൾ മോശമായിരിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് വകുപ്പുമന്ത്രി ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിക്കേണ്ടതുണ്ടെന്നും ധനകാര്യവകുപ്പ് ഫണ്ട് അനുവദിക്കില്ലെന്ന് പറയുന്നത് അതേപടി അംഗീകരിച്ചുകൊടുത്താൽ സബ്ജക്റ്റ് കമ്മിറ്റി ശിപാർശകൾക്ക് യാതൊരു വിലയുമില്ലാതാകുമെന്നും രണ്ടേമുക്കാൽ കോടി രൂപ ഗ്രാറ്റുവിറ്റി നൽകുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞയാഴ്ച എറണാകുളത്തു വച്ച് ഹൈക്കോടതി ജഡ്ജിയുടെ ഒരു സിറ്റിംഗ് ഉണ്ടായിരുന്നുവെന്നും ടി തുക സർക്കാർ കൊടുക്കണമെന്നാണ് സുപ്രീംകോടതി അഭിപ്രായപ്പെട്ടതെന്നും ആയതിനുള്ള മറുപടി തൊഴിൽ വകുപ്പാണ് നൽകേണ്ടതെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു.

പ്രസ്തുത ആനുകൂല്യം നൽകുന്നതിനുവേണ്ടി സർക്കാർ തുകയൊന്നും നൽകിയിട്ടില്ലെന്നും എല്ലാ യൂണിയനുകൾക്കും മാനേജ്മെന്റുകൾക്കും കത്തുനൽകിക്കൊണ്ട് അവർക്ക് ലഭിക്കാനുള്ള തുക സംബന്ധിച്ച കറക്റ്റഡ് ഡോക്യുമെന്റ്സ് സഹിതമുള്ള അഫിഡവിറ്റ് 28-ാം തീയതി ഹാജരാക്കാനാണ് ഹൈക്കോടതിയിലെ ഒബ്സർവർ അറിയിച്ചതെന്നും എന്നാൽ കൊറോണയുമായി ബന്ധപ്പെട്ട് സിറ്റിംഗ് മാറ്റിവച്ചതിനാൽ ആയത് നടന്നില്ലെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പ്രസ്വാനുകൂല്യവും മറ്റും സംസ്ഥാനസർക്കാർ നൽകിയതിനുശേഷം സ്റ്റേറ്റ്മെന്റ് ഹാജരാക്കിയാൽ കേന്ദ്രഗവൺമെന്റിൽ നിന്ന് റീ-ഇമ്പേഴ്സ് ചെയ്ത് ലഭിക്കുമെന്നിരിക്കെ ആയത് 2014-നുശേഷം നൽകുവാൻ കഴിയാതിരിക്കുന്നത് സർക്കാരിന്റെ പ്രതിച്ഛായയെതന്നെ ബാധിക്കുന്നതാകയാൽ ധനകാര്യ വകുപ്പ് സ്വീകരിക്കുന്ന ടി നടപടികളോട് യോജിക്കാൻ കഴിയില്ലെന്ന് സമിതിയംഗം അഭിപ്രായപ്പെട്ടു.

സമിതി മുമ്പാകെ ഇപ്പോൾ വന്നിട്ടുള്ള വിഷയം 2016-17, 2017-18 സാമ്പത്തിക വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ചാണെന്നും ഈ റിപ്പോർട്ടുകൾ അംഗീകരിച്ചതിനുശേഷം നടപ്പുസാമ്പത്തിക വർഷം രണ്ടരക്കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്നും പ്രസ്തുത തുക തീരുന്ന മുറയ്ക്ക് അഡീഷണൽ ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

3. <u>2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 3181/സബ്.സി.സി1/19/നി.സെ.)

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 3, തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 13, 23 എന്നിവയുടെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 16, 18-ലെ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

## III. സമിതിയിൽ സമർപ്പിച്ച കാലതാമസ പത്രികകൾ (2018-19)

ചുവടെ ചേർത്തിരിക്കുന്ന കാലതാമസ പത്രികകൾ സമിതി അംഗീകരിച്ചു

1. തൊഴിൽ വകുപ്പ് (ലേബർ കമ്മീഷണറേറ്റ്)

   (സർക്കാർ കത്ത് നമ്പർ D3/212/2019/ തൊഴിൽ/19-12-2019)

2. വ്യാവസായിക പരിശീലന വകുപ്പ്

   (സർക്കാർ കത്ത് നമ്പർ C4/79/2019/തൊഴിൽ 7-12-2019)

3. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്

(സർക്കാർ കത്ത് നമ്പർ LBRD-F1/144/2019/ LBRD 13-11-2019)

4. വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള), കില, ഒഡെപെക്

(സർക്കാർ കത്ത് നമ്പർ G3/77/2019/ തൊഴിൽ 7-1-2020)

5. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

(സർക്കാർ കത്ത് നമ്പർ E2/102/2019/ തൊഴിൽ 8-8-2019)

**IV. സമിതി പരിഗണിച്ച കരട് ചട്ടം**

The Kerala Shops and Commercial Establishments (Amendment) Rules, 2020

(ഫയൽ നമ്പർ 6667/സബ്.സി.സി1/2018/നി.സെ.)

ഇരിപ്പിട സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവ വിപുലപ്പെടുത്തിക്കൊണ്ട് 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്ടിന് 2018-ൽ വരുത്തിയ ഭേദഗതികൾക്ക് അനുസൃതമായി കൊണ്ടുവന്ന The Kerala Shops and Commercial Establishments (Amendment) Rules, 2020 സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതി അംഗീകരിക്കുകയും ചെയ്തു:

ചട്ടം 4-ൽ, In rule 14(b) ൽ " Provided that.........shall not exceed Two Thousand Rupees per worker employed" എന്നത് " Provided that.........shall not exceed Two Thousand Rupees per employee employed" എന്നാക്കി മാറ്റണം.

**V. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ**

1. സമിതി അംഗീകരിച്ച The Kerala State Electricity Licencing Board Rules 2017-നെ സംബന്ധിച്ച SRO വിജ്ഞാപനം ലഭ്യമാക്കാത്തത്

(ഫയൽ നമ്പർ 4047/സബ്.സി.സി1/17/നി.സെ.)

19-6-2018-ലെ സമിതി യോഗം ഭേദഗതികളോടെ അംഗീകരിച്ച പ്രസ്തുത ചട്ടത്തിന്റെ SRO വിജ്ഞാപനം നാളിതുവരെ ലഭ്യമാക്കാത്ത വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. സമിതി നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളെ സംബന്ധിച്ച റിപ്പോർട്ട് വകുപ്പിൽ ലഭിച്ചതെയുള്ളുവെന്നും താമസംവിനാ SRO വിജ്ഞാപനം പുറപ്പെടുവിച്ച് ആയത് ലഭ്യമാക്കാമെന്നും ഊർജ്ജവകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

2. <u>ഒഡെപെക്കിനെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്</u>

(ഫയൽ നമ്പർ 3827/സബ്.സി.സി1/2018/നി.സെ.)

സമിതിയുടെ ഒഡെപെക്കിനെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നാളിതുവരെയായി നടപടി സ്റ്റേറ്റുമെന്റുകൾ ലഭ്യമായിട്ടില്ലെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായതേയുള്ളുവെന്നും എത്രയുംവേഗം സമിതിക്ക് നടപടി സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കാമെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥർ സമിതിക്ക് ഉറപ്പുനൽകി.

3. <u>2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ മേഖലയിൽ വൈദ്യുതി ബോർഡിന് സംഭവിച്ച നാശനഷ്ടങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്</u>

(ഫയൽ നമ്പർ 5113/സബ്.സി.സി1/2018/നി.സെ.)

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ മേഖലയിൽ വൈദ്യുതി ബോർഡിന് സംഭവിച്ച നാശനഷ്ടങ്ങൾ സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നാളിതുവരെയായി നടപടി സ്റ്റേറ്റുമെന്റുകൾ ലഭ്യമായിട്ടില്ലെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഉത്പാദന - പ്രസരണ-വിതരണ മേഖലകളിലെ മൊത്തം നഷ്ടം കണക്കാക്കി വിവരങ്ങൾ നൽകാൻ കെ.എസ്.ഇ.ബി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിന്നും കുറച്ച് ഫണ്ട് ലഭ്യമായിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി എത്രയുംവേഗം നടപടി സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കാമെന്നും ഊർജ്ജ വകുപ്പുദ്യോഗസ്ഥർ സമിതിക്ക് ഉറപ്പുനൽകി.

4. <u>2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 3181/സബ്.സി.സി1/2019/നി.സെ.)

2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ മറുപടി ലഭ്യമാക്കാത്ത ഖണ്ഡികകളെ സംബന്ധിച്ച റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി തൊഴിൽ, ഊർജ്ജം എന്നീ വകുപ്പുകളോട് നിർദ്ദേശിച്ചപ്പോൾ ആയത് ലഭ്യമാക്കാമെന്ന് വകുപ്പുദ്യോഗസ്ഥർ സമിതിക്ക് ഉറപ്പുനൽകി.

യോഗം ഉച്ചയ്ക്കുശേഷം 3.05-ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.